

# നീ ഭയപ്പെടേണ്ടാ, യേശു നിന്നോടു കൂടെയുണ്ട്

*Dr. Johnson Cherian M.D. Ph.D.*

# നീ ഭയപ്പെടേണ്ടാ,
# യേശു നിന്നോടു കൂടെയുണ്ട്

By
Dr. Johnson Cherian M.D.Ph.D.

Do Not Fear, Jesus Is With You
(Malayalam)

By
Dr. Johnson Cherian M.D.(General Medicine )Ph.D. (Biblical Studies)
The Good Shepherd Ministries
Eraviperoor P.O., Pathanamthitta District
Kerala. PIN-689542

First Edition : January 2006

Second Edition : February 2015

Copies : 1000

Copyrights : Dr. Johnson Cherian M.D.Ph.D

For Free Distribution

Layout and printing : Newtech Designers, Muttumon. Ph:0469 2660016

ഭയം മനുഷ്യവർഗത്തെ ഒരു വ്യാധി പോലെ പിടികൂടിയിരിക്കുകയാണ്. ഇന്നലത്തെ തോൽവി, ഇന്നത്തെ പ്രശ്നങ്ങൾ, നാളത്തെ അനിശ്ചിതത ഇതെല്ലാം ജീവിതത്തിൽ ഭയത്തെ ഉളവാക്കുന്നു.

ഒരുത്തന്റെ ഭയം അല്ലായിരിക്കാം വേറെ ഒരുത്തന്റേത്! എന്നു വച്ചാൽ തീച്ചൂളയ്ക്കകത്ത് വീണവന്റെ ഭയം തീയും, സിംഹക്കുഴിയിൽ വീണവന്റെ ഭയം സിംഹവും ആയിരിക്കും. ഒരു പക്ഷേ തീച്ചൂളയിൽ വീണവൻ സിംഹക്കുഴിയിൽ വീണവനെ കണ്ട് ഇങ്ങനെ പറഞ്ഞേക്കാം. "ഇതിലെന്താണ് ഭയപ്പെടുവാനുള്ളത്? എന്റെ അവസ്ഥ എത്ര ഗുരുതരമാണ്." ആനയ്ക്കു തടി ഭാരമെങ്കിൽ ഉറുമ്പിന് അരി ഭാരം എന്നു പറയുന്നതുപോലെ, ഓരോരുത്തന്റെ ഭാരവും ഭയവും അവനും സ്വർഗത്തിലെ ദൈവവുമല്ലാതെ ആർക്കും അറിയാൻ ഒരു പക്ഷേ സാദ്ധ്യമല്ല.

സത്യവേദപുസ്തകത്തിലെ പല പ്രധാനപ്പെട്ട കഥാപാത്രങ്ങളിലും വ്യത്യസ്തമായ ഭയങ്ങൾ ഉളവായതായി നാം കാണുന്നു. പഴയനിയമത്തിൽ അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോശ, യോശുവ, ഗിദയോൻ, ദാനിയേൽ എന്നിവരുടെ ജീവിതത്തിലും, പുതിയ നിയമത്തിൽ ജോസേഫ്, മറിയ, പത്രോസ്, പൗലോസ്, യോഹന്നാൻ എന്നിവരുടെ ജീവിതത്തിലും അവരുടെ ഉള്ളിൽ ഭയം ഉളവാക്കുന്ന സാഹചര്യങ്ങൾ ഉണ്ടായി.

വ്യത്യസ്തമായ സാഹചര്യങ്ങളിൽകൂടെ ഉളവായ ഇവരുടെ ഭയം മാറ്റുവാൻ സ്വർഗത്തിലെ ദൈവത്തിനു ഇവരോടു പറയുവാനുള്ള വാഗ്ദത്തം ഇതായിരുന്നു.

**"നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടു കൂടെയുണ്ട്"**

ഇന്ന് നിങ്ങൾ ഭയപ്പെടുന്ന ഏതു സാഹചര്യം ആയാലും സ്വർഗത്തിലെ ദൈവത്തിനു നിങ്ങളോടും പറയുവാനുള്ള വാഗ്ദത്തം ഇതു തന്നെയാണ്.

**"നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടു കൂടെയുണ്ട്"**

ഈ വാക്കുകൾ എത്ര ആശ്വാസപ്രദമാണല്ലേ?

നമ്മുടെ കർത്താവ് നമ്മളെ സ്നേഹിക്കുന്നതുകൊണ്ട് എപ്പോഴും നമ്മെ ആശ്വസിപ്പിക്കുവാൻ അവൻ ഒരുക്കമുള്ളവനാണ്.

പുതുതായി ജനിച്ച ഒരു ശിശുവിന് ഭയമില്ല എന്നു വേണമെങ്കിൽ പറയാം. ആവശ്യമുള്ളപ്പോൾ കരയും, ആവശ്യം നിറവേറുമ്പോൾ ശാന്തമാകും. പക്ഷേ അതേ ശിശു വളരുമ്പോൾ ബുദ്ധിയും ജ്ഞാനവും ഉള്ളവനായിത്തീരുമ്പോൾ, പല ഭയങ്ങൾ അവന്റെ ഉള്ളിൽ ഉളവാകും. വേദന, രോഗം, നാശം, നഷ്ടം, ക്ഷീണം, കഷ്ടം ഉളവാക്കുന്ന സാഹചര്യങ്ങൾ നമ്മുടെ ഉള്ളിൽ ഭയം കൊണ്ടുവരുന്നു. ഈ ഭയങ്ങൾ നമ്മുടെ മനസിനെ ഭരിക്കാൻ

തുടങ്ങുമ്പോൾ നാം മാനസികമായി മാത്രമല്ല പിന്നെയോ ശാരീരികമായും ആത്മീയമായിട്ടും ക്ഷീണങ്ങൾ അനുഭവിക്കാൻ ഇടയാകും. മനസിനെയും ശരീരത്തെയും വേട്ടയാടുന്ന ഈ ഭയത്തിന് പിന്നെ എന്താണ് പ്രതിവിധി.

സ്വർഗ്ഗത്തിലെ ദൈവത്തിലും ദൈവത്തിന്റെ വാഗ്ദത്ത വചനത്തിലും ഉറച്ച് വിശ്വസിച്ചാൽ മാത്രമെ ഈ ഭയങ്ങൾ നമ്മെ വിട്ടുമാറുകയുള്ളൂ.

ഈ പുസ്തകം വായിക്കുമ്പോൾ, യേശുവിലും അവന്റെ വചനത്തിലും നിങ്ങളുടെ വിശ്വാസം വർദ്ധിച്ച് വന്ന്, നിങ്ങളെ ഇപ്പോൾ ഭരിക്കുന്ന ഭയത്തിൽ നിന്ന് നിങ്ങൾ വിമുക്തരാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവമായ കർത്താവ് നിങ്ങളെ ഏവരെയും സഹായിക്കുമാറാകട്ടെ.

ഇന്ന് നിങ്ങളെ ഭരിക്കുന്ന ഭയം എന്താണെന്ന് എനിക്കറിയില്ല; സാധാരണ രീതിയിൽ നമ്മുടെ സമൂഹത്തിൽ കാണുന്ന ചില ഭയങ്ങളെ താഴെ കുറിക്കുന്നു. ഒരു പക്ഷേ ഇതിൽ ഒന്നായിരിക്കാം നിങ്ങളുടെ മനസിനെ ഭരിക്കുന്ന ഭയം.

* രോഗം പിടികൂടുമോ, രോഗം വർദ്ധിക്കുമോ, മരിക്കുമോ.
* തലമുറയുടെ ഭാവി എന്തായിത്തീരും.
* തോൽവി പിന്നെയും ആവർത്തിക്കുമോ?
* ജോലി കിട്ടുമോ, പരീക്ഷയിൽ പാസാകുമോ?
* ശത്രുക്കളുടെ ആഭിചാരം, മന്ത്രവാദം ഫലിക്കുമോ?
* വസ്തുക്കളുടെ ശരിയായ വീതം കിട്ടുമോ?
* ഭാര്യയോ ഭർത്താവോ പിന്നെയും അവിശ്വസ്തത കാണിക്കുമോ?
* സന്തതിയില്ലാത്തവനായി ഞാൻ എപ്പോഴുമിരിക്കുമോ?
* കൂട്ടാളി മരിച്ച് ഞാൻ തനിച്ചായിപ്പോകുമോ?
* കൂട്ടാളിയുടെ ദുർസ്വഭാവങ്ങൾ, മദ്യപാനം, പുകവലി, വെറ്റിലമുറുക്ക്, വെറിക്കൂത്ത് എന്തായിത്തീരും?
* വീട്ടിൽ കള്ളൻ കയറുമോ?
* രാത്രിഭയം, യാത്രാഭയം
* ദൈവകോപം, മനുഷ്യകോപം.

ഭയങ്ങളുടെ പട്ടിക എഴുതി തീർക്കാൻ പറ്റാത്തതാണ്. നിങ്ങളുടെ ഭയം ഇതിലില്ലെങ്കിൽ താഴോട്ട് കുറിക്കുക.

..........................................................................................................................

..........................................................................................................................

..........................................................................................................................

എല്ലാ ഭയങ്ങളും മാറ്റി തരാൻ സ്വർഗത്തിലെ ദൈവം ശക്തനാണ്. അവൻ ഇങ്ങനെ പറയുന്നു.

**“നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്: ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ടു ഞാൻ നിന്നെ താങ്ങും” (യെശയ്യാവ്41:10).**

എന്റെ ചെറുപ്രായത്തിൽ രാത്രിയുടെ ഭയം എന്നെ പിടികൂടിയിരുന്നു. ഏകദേശം 15,16 വയസുവരെ ഇത് എന്നെ ശല്യപ്പെടുത്തി. സന്ധ്യാസമയം ആകുമ്പോൾ ആരെങ്കിലും കൂടെ മുറിയിൽ ഉണ്ടായിരിക്കണം. രാത്രിയിൽ ബൾബ് വെളിച്ചം മാറ്റിയാൽ പിന്നെ ഉള്ളിൽ വളരെ ഭീതി ഉണ്ടാകുമായിരുന്നു. അന്ധകാരത്തിൽ ഏതോ ഒക്കെ എന്നെ ആക്രമിക്കും എന്നുള്ള ഭയം. ഇതു നിമിത്തം പലരും എന്നെ പരിഹസിക്കുമായിരുന്നു. പലപ്പോഴും രാത്രി മുഴുവൻ ഉറങ്ങാതെ ഇരുട്ടിലോട്ട് നോക്കിക്കൊണ്ടിരിക്കും. 10 വർഷം ശത്രുവിന്റെ ഈ പോരാട്ടം നിമിത്തം ഞാൻ വളരെ കഷ്ടപ്പെട്ടു. സ്വർഗത്തിലെ ദൈവം അത്ഭുതകരമായി എന്റെ പതിനാറാമത്തെ വയസിൽ ഇതിൽ നിന്ന് എനിക്ക് വിടുതൽ നൽകി.

വചനത്തിന്റെ ഗ്രാഹ്യവും അതിൽ വിശ്വാസവും ഉണ്ടായിരുന്നു എങ്കിൽ വിടുതൽ ഇത്ര വൈകുമായിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. 91–ാം സങ്കീർത്തനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**“രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല” (സങ്കീർത്തനം 91:5,6)**

ഈ വാഗ്ദത്തം ആർക്കാണെന്ന് അറിയാമോ? അതേ സങ്കീർത്തനത്തിന്റെ ഒന്നാം വാക്യം മുതൽ നാം ഇങ്ങനെ വായിക്കുന്നു.

**“അത്യുന്നതന്റെ മറവിൽ വസിക്കയും സർവശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ: യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾകൊണ്ട് അവൻ നിന്നെ മറയ്ക്കും. അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും**

**ആകുന്നു" (സങ്കീർത്തനം 91:1-4).**

ശത്രുവിന്റെ പോരിൽ നിന്ന് നിരന്തരമായ സംരക്ഷണം നിങ്ങൾക്ക് വേണ മെങ്കിൽ, നിങ്ങൾ അത്യുന്നതന്റെ മറവിൽ വസിക്കുകയും, സർവശക്തന്റെ നിഴലിൽ കീഴിൽ പാർക്കുകയും ചെയ്താലേ മതിയാകൂ.

**നിങ്ങൾ അങ്ങനെയാണോ ജീവിക്കുന്നത്?**

നിങ്ങൾ ചോദിച്ചേക്കാം. "ഈ അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവശക്തന്റെ നിഴലിൻകീഴിൽ പാർക്കുകയും ചെയ്യുന്നതിന്റെ" അർത്ഥം എന്താണ്? അങ്ങനത്തെ ഒരു വ്യക്തി എങ്ങനെയാണ് ജീവിക്കേണ്ടത്? ചുരുക്കമായി പറഞ്ഞാൽ "യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് വിശ്വാസ സ്നാനം ഏറ്റ് പരിശുദ്ധാത്മസ്നാനം ഏറ്റ് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിച്ച്, വേർപാട് ആചരിച്ച്, വിശുദ്ധിയുടെ പ്രമാണം കൈക്കൊണ്ട് ദൈവവചനം നിരന്തരമായി ധ്യാനിച്ച് കർത്താവിന്റെ മേശയിങ്കൽ പങ്കാളിയായി, പ്രാർത്ഥനയ്ക്കും, ഉപവാസത്തിനും ജീവിതത്തിൽ പ്രാധാന്യം കൊടുത്ത് നീതി പ്രവർത്തിയോടുകൂടെയുള്ള വിശ്വാസം ജീവിക്കുന്നവൻ ആണ് ഇങ്ങനത്തെ ഒരു വ്യക്തി.

**ഇങ്ങനെയാണോ നിങ്ങൾ ജീവിക്കുന്നത്?**

അല്ലെങ്കിൽ ഒരു പുതിയ തീരുമാനം ഇന്നു തന്നെ നിങ്ങൾ എടുക്കണം.

ഒരു യുവാവ് വെളിച്ചപ്പാടത്തിയുടെ അടുക്കൽ തന്റെ ഭാവിയെപ്പറ്റി അറിയുവാൻ പോയി. വെളിച്ചപ്പാടത്തി അവനോട് ഇങ്ങനെ പറഞ്ഞു... ആറു മാസത്തിനകം ചീട്ടുകളിച്ച് പന്തായം വയ്ക്കുമ്പോൾ നീ ലക്ഷപ്രഭുവായി ത്തീരും. ഒരു വർഷം കഴിയുമ്പോൾ നിന്റെ ധനം വർദ്ധിച്ചുവന്ന് നീ ഒരു കൊട്ടാരം പണിയും. പക്ഷേ രണ്ടുവർഷം കഴിയുമ്പോൾ നിനക്ക് ആപത്ത് വന്നു നീ മരിക്കും. അവർ പറഞ്ഞതെല്ലാം ഈ യുവാവ് വിശ്വസിച്ചു. വെളിച്ചപ്പാടത്തി പറഞ്ഞതുപോലെ ആറു മാസം കഴിഞ്ഞപ്പോൾ അയാൾ ലക്ഷപ്രഭുവായിത്തീർന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ അയാൾ ഒരു കൊട്ടാരം പണിതു. ഇത് സംഭവിച്ചപ്പോൾ പെട്ടെന്നു അയാളുടെ ഉള്ളിൽ ഒരു ഭയം വന്നു. "വെളിച്ചപ്പാടത്തി പറഞ്ഞ 2 കാര്യങ്ങൾ അതുപോലെ തന്നെ സംഭവിച്ചു. ഇനി ഒരു വർഷം മാത്രമെ എനിക്കു ജീവിതമുള്ളൂ.

ഈ ഭയം അയാളുടെ ഉള്ളിൽ വർധിച്ചു വന്നു. അയാൾക്ക് മരണഭയം നിമിത്തം ആഹാരം കഴിക്കുവാനോ, രാത്രിയിൽ ഉറങ്ങുവാനോ കഴിഞ്ഞില്ല; മാനസിക സന്തുലനം പെട്ടെന്ന് നഷ്ടപ്പെട്ടു. കൊട്ടാരം പണിതതിന്റെ അഞ്ചുമാസം കഴിഞ്ഞപ്പോൾ തന്നെ ഹൃദയരോഗം മൂലം പെട്ടെന്ന് ലോകത്തിൽ നിന്നു മാറ്റപ്പെട്ടു.

സത്യവേദപുസ്തകത്തിൽ പഴയനിയമത്തിൽ ലേവ്യാപുസ്തകം 19-ാം

അദ്ധ്യായം 31-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**“വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും അടുക്കൽ പോകരുത്. അവരാൽ അശുദ്ധരായിത്തീരുവാൻ തക്കവണ്ണം അവരെ അന്വേഷിക്കുകയും അരുത്.”**

20-ാം അദ്ധ്യായം ആറും ഏഴും വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു. “**വെളിച്ചപ്പാടന്മാരുടെയും മന്ത്രവാദികളുടെയും പിന്നാലെ പരസംഗം ചെയ്യാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടിവച്ചു അവനെ ജനത്തിൽ നിന്നു ഛേദിച്ചുകളയും. ആകയാൽ നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു വിശുദ്ധന്മാരായിരിപ്പീൻ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു.”**

പൈശാചികശക്തികൊണ്ട് ഒരാളുടെ ഭാവിയെപ്പറ്റി ചിലർക്ക് പല കാര്യങ്ങൾ പറയുവാൻ സാധിക്കും. പക്ഷേ ഇങ്ങനെയുള്ളവരുടെ അടുക്കൽ പോകുന്നത് ദൈവത്തിന് പ്രസാദമുള്ള കാര്യമല്ല. ഇങ്ങനെയുള്ളവരുടെ അടുക്കൽ പോകുന്നവർ പൈശാചിക ബന്ധനത്തിൽ അകപ്പെട്ടു പോകുന്നു. അതു ചിലപ്പോൾ മരണമായിട്ടു വെളിപ്പെട്ടെന്നു വരാം. നിങ്ങൾ ഇങ്ങനെയുള്ളവരുടെ അടുത്തു പോയിട്ടുണ്ടെങ്കിൽ ഇപ്പോൾ തന്നെ ദൈവത്തോടു ക്ഷമയ്ക്കായി പ്രാർത്ഥിക്കുക.

ഭാവിയെക്കുറിച്ചറിയുവാൻ നമ്മളിൽ പലർക്കും ആഗ്രഹമുണ്ട്. നാളത്തെ ദിവസം, അടുത്ത മാസം, വരാൻ പോകുന്ന വർഷങ്ങൾ അനുഗ്രഹമായിരിക്കുമോ? കഷ്ടതയും നാശവും ആയിരിക്കുമോ കൊണ്ടുവരുന്നത്? അതറിയുവാൻ മനുഷ്യൻ അങ്ങോട്ടുമിങ്ങോട്ടും അന്വേഷണങ്ങൾ നടത്തുന്നു. ചിലർ കൈനോട്ടക്കാരെ കാണുന്നു മറ്റുചിലർ വാരഫലം ശ്രദ്ധയോടെ വായിക്കുന്നു. ഭാവിയെപ്പറ്റി ആലോചനകൾ പറയുന്നവർ പല രീതികൾ പ്രയോഗിക്കുന്നു. കൈവെള്ളയിലെ വരകൾ നോക്കി നെറ്റിയിലെ വരകൾ നോക്കി കാൽ വെള്ളയിലെ വരകൾ നോക്കി, മുഖം നോക്കി, ജന്മതീയതി നോക്കി, നക്ഷത്രങ്ങളുടെ സ്ഥാനം നോക്കി ഭാവിയെക്കുറിച്ച് അലോചനകൾ പറയുന്നവർ അനേകർ ഉണ്ട്. (സത്യവേദപുസ്തകപ്രകാരം ഈ രീതികൾ ഒക്കേയും തെറ്റാണ്.)

1990-ൽ ഞാൻ ഹരിയാനയിൽ നിന്നും ബോംബെയ്ക്ക് യാത്രചെയ്യുമ്പോൾ, കൂടെ യാത്ര ചെയ്യുന്ന ഒരുവൻ അടുത്തിരിക്കുന്നവരുടെ ഭാവിയെക്കുറിച്ച് അവരുടെ കൈയ്യിലെ വരകൾ നോക്കി പ്രവചിക്കുവാൻ തുടങ്ങി. ഓരോരുത്തരുടെയും ഭാവിയെക്കുറിച്ച് ആലോചനകൾ പറഞ്ഞു. ഒടുവിൽ തിരിഞ്ഞ് ഇങ്ങനെ എന്നോട് ചോദിച്ചു. നിങ്ങളുടെ ഭാവിയെക്കുറിച്ച് അറിയുവാൻ താല്പര്യമില്ലയോ? വലംകൈ ഒന്നു നീട്ടിയ്ക്കാട്ടെ. കൈനീട്ടാതെ ഞാൻ അയാളോട് ചിരിച്ചുകൊണ്ട് പറഞ്ഞു. “എന്റെ ഭാവിയെപ്പറ്റി എനിക്ക്

നന്നായി അറിയാം. പുതുതായി നിങ്ങൾക്ക് അതിനെക്കുറിച്ച് ഒന്നും പറയുവാൻ ഇല്ല.'കൂടുതൽ വിവരിക്കാതെ എന്റെ ബൈബിൾ ഞാൻ മാറിയിരുന്നു വായിക്കുവാൻ തുടങ്ങി. അയാൾ എന്നെ വിട്ട് അടുത്ത വ്യക്തിയെ സമീപിച്ചു.

ഞാൻ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ (അന്നു ഞാൻ വേദപുസ്തക സത്യങ്ങൾ അറിയാതെ ജീവിക്കുമ്പോൾ) ഒരുവൻ എന്റെ കൈവെള്ളയിലെ വരകൾ നോക്കി ഇങ്ങനെ പറഞ്ഞു."പഠിത്തമോ ഉദ്യോഗമോ ചെയ്യുവാൻ സാധ്യതയൊന്നും കാണുന്നില്ല. പത്താം ക്ലാസ്സുവരെ പഠിച്ച് പിന്നെ ചെറിയ ജോലിവല്ലതും കിട്ടിയാൽ വലിയ കാര്യം." സമയം തന്നെ അയാൾ പറഞ്ഞ ഭോഷ്കിനു സാക്ഷി. ഞാൻ 27 വർഷമായി ദൈവകൃപയാൽ ആതുരശുശ്രൂഷ അനുഗ്രഹത്തോടെ ചെയ്തു പോകുന്നു.

**നിങ്ങൾ നിങ്ങളുടെ ഭാവിയെപ്പറ്റി അറിയുവാൻ ഉത്സുകരാണോ?**

നിത്യമായിട്ടുള്ള നിങ്ങളുടെ ഭാവിയെക്കുറിച്ച് ഈ പുസ്തകത്തിലൂടെ നിങ്ങൾക്ക് അറിയുവാൻ സാധിക്കും.

ഒരു ദേശത്ത് രണ്ട് സ്ഥലങ്ങൾ ഉണ്ട് എന്നു ചിന്തിക്കുക, ഒരിടത്ത് മനോഹരമായ പുഷ്പങ്ങളും മറ്റിടത്ത് ആളിക്കത്തുന്ന തീയും. ഇതിൽ ഏതാണ് നിങ്ങളെ ആകർഷിക്കുന്നത്?

നോക്കുവാനും സ്പർശിക്കുവാനും ആസ്വദിക്കുവാനും ആനന്ദം നൽകുന്നതുമായ പുഷ്പങ്ങൾ നമ്മിൽ മിക്കവരെയും ആകർഷിക്കും.

ആളിക്കത്തുന്ന തീ അടുത്തു നിന്നു കാണുവാൻ പോലും നമ്മിൽ പലർക്കും ഇഷ്ടം തോന്നുകയില്ല. അടുത്തു ചെന്നാൽ സ്പർശിച്ചാൽ തീ നമ്മുടെ ശരീരത്തിനു ദോഷം ചെയ്യും എന്ന് നമുക്ക് അറിയാം. അതുകൊണ്ട് തീ കണ്ടാൽ നമ്മൾ സൂക്ഷിക്കും.

ഞാൻ പിന്നെയും ചോദിക്കട്ടെ, പുഷ്പങ്ങൾ നിറഞ്ഞ് മനോഹരമായ ദേശത്ത് പാർക്കാൻ നിങ്ങൾ താൽപര്യപ്പെടുമോ? അതോ ദഹിപ്പിക്കുന്ന തീ ഉള്ള ദേശത്ത് പാർക്കാൻ മനസ് വയ്ക്കുമോ? ഇതിന് സുബോധം ഉള്ളവരുടെ ഉത്തരം പറയാതെ തന്നെ നമുക്ക് അറിയാമല്ലോ. തീ ദോഷം ചെയ്യും എന്ന് നമ്മുടെ ഹൃദയത്തിൽ നമുക്ക് അറിയാവുന്നതുകൊണ്ട് ആ ദേശം നമുക്ക് വേണ്ട എന്ന് നമ്മുടെ മനസിന്റെ തീരുമാനം.

കെടാത്ത തീ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ല, എന്നായിരിക്കാം ഒരു പക്ഷേ നിങ്ങളുടെ ഉത്തരം. 1990ലെ ഗൾഫ് യുദ്ധത്തിൽ, എണ്ണയുടെ റിഗുകൾ സമുദ്രത്തിൽ മാസങ്ങളോളം കത്തിക്കൊണ്ടിരുന്നുവെന്ന് പത്രമാദ്ധ്യമങ്ങൾ അറിയിച്ചിരുന്നു. പക്ഷേ ആ തീയും ക്രമേണ കെട്ടുപോയി.

മാസങ്ങളോളം കത്തിയ ചില കാട്ടുതീകൾ അമേരിക്കയിലും ഓസ്ട്രേ

ലിയായിലും ഒരു വർഷം മുമ്പ് ഉണ്ടായി. പക്ഷേ അതും ക്രമേണ കെട്ടു പോയി.

കെടാത്ത തീയെപ്പറ്റി നിങ്ങൾക്ക് കൂടുതൽ അറിയണമെങ്കിൽ സത്യവേദപുസ്തകത്തിലെ ചില വാക്യങ്ങൾ നിങ്ങൾ ധ്യാനിച്ചാലെ മതിയാകൂ.

**"നിന്റെ കൈ നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക; ഊനനായി ജീവനിൽ കടക്കുന്നതു രണ്ടു കയ്യുമുള്ളവൻ ആയി കെടാത്ത തീയായ നരകത്തിൽ പോകുന്നതിനെക്കാൾ നിനക്കു നല്ലത്. നിന്റെ കാൽ നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ വെട്ടിക്കളക: മുടന്തനായി ജീവനിൽ കടക്കുന്നതു രണ്ടു കാലുമുള്ളവനായി കെടാത്ത തീയായ നരകത്തിൽ വീഴുന്നതിനേക്കാൾ നിനക്കു നല്ലത്. നിന്റെ കണ്ണു നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ ചൂഴ്ന്നു കളക: ഒറ്റക്കണ്ണനായി ദൈവ രാജ്യത്തിൽ കടക്കുന്നത് രണ്ടു കണ്ണുള്ളവനായി അഗ്നി നരകത്തിൽ വീഴുന്നതിനേക്കാൾ നിനക്കു നല്ലത്. അവിടെ അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല." (മർക്കോസ് 9: 43-48)**

ഈ വാക്യങ്ങളിൽ മൂന്നു പ്രാവശ്യം യേശുക്രിസ്തു സ്പഷ്ടമായി പറയുന്ന കാര്യം ഇങ്ങനെയാണ്. കെടാത്ത തീയുള്ള സ്ഥലമുണ്ട്. അതിന് നരകം എന്നാണ് പേര്. ദു:ഖവും കരച്ചിലും മഹാപീഡനവും ഉള്ള സ്ഥലം. നരകം എന്ന വാക്ക് കേൾക്കുന്നത് തന്നെ ചിലരുടെ ഉള്ളിൽ ഭയം ഉളവാക്കുന്നതാണ്.

ഇതിന് വിപരീതമായിട്ടുള്ള സ്ഥലവും സത്യവേദപുസ്തകത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് സ്വർഗം ആണ്. മരണവും, ദുഃഖവും കരച്ചിലും വേദനയും ഇല്ലാത്ത സ്ഥലം. അവിടെ സമാധാനവും സന്തോഷവും സംതൃപ്തിയും മാത്രമേ ഉള്ളൂ.

ഭൂമിയിലെ മരണത്തിനു ശേഷം എന്ത്? എന്ന് പലരും മനസിൽ ചിന്തിക്കാറുണ്ട്. ലോകത്തിൽ ഉള്ള ജീവിതം കഴിഞ്ഞാൽ എന്ത്? എന്ന് പലരുടെയും മനസിൽ ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്.

പുനർ ജന്മം എന്നു ചിലർ പറയും, പക്ഷേ അതിന് അടിസ്ഥാനമായ തെളിവൊന്നുമില്ല. ദുഷ്പ്രവർത്തിക്കാർക്ക് നാശം എന്ന് മറ്റു ചിലർ പറയാറുണ്ട്. എല്ലാവരും ഒടുവിൽ സ്വർഗത്തിൽ സൃഷ്ടാവിനോട് ചേരും എന്ന് പിന്നെയും ചിലർ ഊഹിക്കുന്നു. ഇതിനൊന്നിനും അടിസ്ഥാനമോ തെളിവോ ഇല്ല.

അടിസ്ഥാനവും തെളിവും ഉള്ള സത്യം ദൈവത്തിന്റെ വചനമാകുന്ന സത്യവേദപുസ്തകത്തിൽ കണ്ടെത്തുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുകയും അന്ത്യത്തോളം അവന്റെ വചനത്തോടു വിശ്വസ്തത ആചരിക്കുകയും ചെയ്യുന്നവർക്ക് സ്വർഗം അവകാശം ആകും. യേശുക്രിസ്തുവിലൂടെ

ഉള്ള രക്ഷ ത്യജിക്കുന്നവർക്ക് നരകത്തിന്റെ യാതനകൾ നിത്യമായി അനുഭവിക്കേണ്ടി വരും.

കർത്താവിന്റെ ഒരു ദാസൻ ടെന്നസി എന്ന സ്ഥലത്ത് ദൈവത്തെ ആരാധിക്കുന്ന ആലയത്തിൽ ഒരിക്കൽ ഇരിക്കുമ്പോൾ ഇങ്ങനെ ഒരു ദർശനം കാണുവാൻ ഇടയായി.

അനേക രാജ്യങ്ങളിലെ ആയിരമായിരം ജനങ്ങൾ ഒരു വഴിയിൽ കൂടെ ഒരു ദിക്കിലേയ്ക്ക് നടന്നുപോകുന്നു. ഇതിൽ ഇൻഡ്യ, യൂറോപ്പ്, ജപ്പാൻ, അമേരിക്ക എന്നിങ്ങനെ പല രാജ്യങ്ങളിലെ മനുഷ്യരെ അദ്ദേഹം കണ്ടു. ഇവർ ആരെന്ന് അദ്ദേഹം കർത്താവിനോടു ചോദിച്ചു. ലോകത്തിൽ ജനിച്ചിട്ടുള്ള മനുഷ്യർ എല്ലാവരും ജീവിതം എന്ന പാതയിൽ കൂടെ നടന്നു പോകുന്നു എന്ന് കർത്താവ് അദ്ദേഹത്തോടു പറഞ്ഞു. വേറെ ഒരു പാതയും ഇല്ല. എല്ലാവരും നിത്യതയിലേയ്ക്കാണ് നടക്കുന്നത് എന്ന് കർത്താവ് പറഞ്ഞു. സിനിമാ ജീവിതത്തിൽ കണ്ടിട്ടില്ലാത്ത ഈ മനുഷ്യൻ കൺമുമ്പിൽ ഈ കാഴ്ച കണ്ടപ്പോൾ വളരെ സന്തോഷിച്ചു. ഓരോ രാജ്യങ്ങളിലെ മനുഷ്യരെ അവരവരുടെ വേഷത്തിൽ കണ്ടപ്പോൾ അയാൾക്ക് വളരെ രോമാഞ്ചം കൊണ്ടു. കർത്താവ് ഇങ്ങനെ ചോദിച്ചു; "ഈ നടന്നു പോകുന്നവരുടെ അന്ത്യം എന്താകും എന്ന് നിനക്ക് കാണാണോ?" ഉവ്വ് എന്ന് കർത്താവിന്റെ ദാസൻ പറഞ്ഞപ്പോൾ കർത്താവ് അയാളെ ദർശനത്തിൽ ആ ജനക്കൂട്ടത്തിന്റെ മുകളിലേയ്ക്ക് കൊണ്ടുപോയി.

കുറച്ചു ദൂരെ ഈ മനുഷ്യർ നടന്നു പോകുമ്പോൾ ആയിരമായിരം ജനം ആ പാത വിട്ട് വേറെ ഒരു പാതയിലേയ്ക്ക് നടന്നു പോകുന്നതായും കണ്ട് "ഇവർ എവിടേയ്ക്ക് ആണ് പോകുന്നത്?" എന്ന് അയാൾ കർത്താവിനോട് ചോദിച്ചു. കർത്താവ് പറഞ്ഞു. "ഇവർ നീതിമാൻമാർ ആണ്. ഇവർ നിത്യജീവനിലേയ്ക്ക് പോകുന്നു. ലോകത്തിലെ ജീവിതത്തിന്റെ പാത വിട്ട് എന്റെ വിശ്രമത്തിലേയ്ക്കു നിത്യമായി പ്രവേശിക്കുന്നു." അതു കേട്ടപ്പോൾ ദാസൻ സന്തോഷിച്ചു.

ഈ പാതയിലേയ്ക്കു തിരിയാത്തവർ, ജീവിതം എന്ന പാതയുടെ അന്ത്യത്തിലേയ്ക്ക് എത്തി. പാത അവസാനിക്കുന്നത് അഗാധമായ ഒരു കുഴിയിലായിരുന്നു. താഴെ ആളിക്കത്തുന്ന തീയും ഉണ്ടായിരുന്നു. ആളിക്കത്തുന്ന തീയിലേയ്ക്ക് വീഴുന്ന മനുഷ്യർ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരുന്നു. അവരുടെ വേദന നിറഞ്ഞ ശബ്ദം കേട്ട് അയാൾ ഭ്രമിച്ചു. വളരെ ദുഃഖവും നിരാശയും അയാൾക്ക് ഉണ്ടായി. തീയിലേയ്ക്കു വീഴുന്നവർ മ്ലേഛതകൾ പറഞ്ഞുകൊണ്ട് വിലപിക്കുകയായിരുന്നു. വേദന സഹിക്കാൻ പറ്റാത്തതുകൊണ്ട് അവർ തങ്ങളുടെ തലയിലെ മുടി വലിച്ചുപറിച്ചു നഖങ്ങൾകൊണ്ട് തങ്ങളുടെ ശരീരത്തെ കീറി രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു.

ദർശനം അവസാനിച്ചപ്പോഴും പല ദിവസങ്ങൾ നരകത്തിലെ ഈ ഭയാന കമായ കാഴ്ചകൾ അയാളുടെ മനസിനെ അലട്ടിക്കൊണ്ടിരുന്നു.

**സ്വർഗവും നരകവും വെറും സാങ്കല്പികമായിട്ടുള്ള കാര്യങ്ങൾ അല്ല. ഇവ യാഥാർത്ഥ്യങ്ങൾ ആണ്.**

ഭൂമിയിൽ ഏതു വ്യക്തി മരിച്ചാലും അവനോ, അവളോ, നിത്യതയിൽ സ്വർഗത്തിലേയ്ക്ക് അല്ലെങ്കിൽ നരകത്തിലേയ്ക്ക് പോകുന്നു. നാം ലോക ത്തിൽ ജീവിക്കുമ്പോൾ ഏതു വ്യക്തിയ്ക്കും മൂന്നു വിഭാഗങ്ങൾ ഉണ്ട്. ശരീ രം, ആത്മാവ്, ദേഹി. ആത്മാവും ദേഹിയും (മനസ്, ചിന്തിക്കുന്ന ഭാഗം, തീരുമാന ശക്തി) നിത്യതയിലേയ്ക്ക് പ്രവേശിക്കുന്നു. ഒന്നുകിൽ സ്വർഗ ത്തിൽ അല്ലെങ്കിൽ (നരകത്തിൽ, പിന്നെ തീ പൊയ്കയിലും.) ഏതു മനു ഷ്യന്റേയും നിത്യഭാവി ഇതിൽ ഒന്നാണ്. നിങ്ങൾ ഏതിനുവേണ്ടി ഒരുങ്ങു ന്നു? സ്വർഗത്തിൽ നിത്യമായി സന്തോഷിക്കുവാനോ അതോ കെടാത്ത തീയിൽ നിരന്തരമായ യാതന സഹിക്കുവാനോ?

നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഇതുതന്നെയാണ് ലോകത്തിൽ ജനിക്കുന്ന ഏതു വ്യക്തിയുടെയും നിത്യ ഭാവി. ഇത് എന്റെ വ്യക്തിപര മായ അഭിപ്രായം അല്ല, സ്വർഗത്തിലെ ദൈവത്തിന്റെ സത്യവചനം ആണ്.

യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച്, അവനുവേണ്ടി അന്ത്യത്തോളം വിശ്വസ്തതയോടെ ജീവിക്കുന്നവർക്ക് ദൈവം സ്വർഗത്തിൽ വസിക്കുവാൻ കൃപ നൽകും. യേശുവിനെ ത്യജിക്കുന്നവർക്കും യേശുവി ലൂടെ ഉള്ള രക്ഷ കൈക്കൊള്ളാത്തവരും നിത്യ നരകയാതന അനുഭവി ക്കേണ്ടി വരും എന്ന് സത്യവേദപുസ്തകം പറയുന്നു.

ആഫ്രിക്കയിലെ ഒരു പാസ്റ്റർ റോഡാക്സിഡന്റിൽ 2001ൽ മരിച്ചു. പിന്നീട് ദൈവം അത്ഭുതകരമായി ഈ ദൈവദാസനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു. മരണവും ഉയിർത്തെഴുന്നേൽപ്പിന്റെ മദ്ധ്യേ സംഭവിച്ച കാര്യ ങ്ങൾ പാസ്റ്റർ വിവരിച്ച് പറഞ്ഞത് ഇങ്ങനെയായിരുന്നു.

ആംബുലൻസിൽ മരിച്ച അവസ്ഥയിൽ ആയപ്പോൾ രണ്ട് ദൂതന്മാർ അദ്ദേ ഹത്തെ മനോഹരമായ ഒരു സ്ഥലത്തേയ്ക്ക് കൊണ്ടുപോയി. അത് പറു ദീസാ ആയിരുന്നു എന്ന് ദൂതൻ അദ്ദേഹത്തോടു പറഞ്ഞു. അവിടെ അനേകായിരം ജനങ്ങൾ ദൈവത്തെ ഒന്നിച്ച് ആരാധിച്ചുകൊണ്ടിരുന്നു. സമാ ധാനവും സന്തോഷവും സംതൃപ്തിയുമുള്ള ആ ദേശം വിട്ടു പോകാൻ തനിക്ക് മനസില്ലായിരുന്നു. എങ്കിലും ദൂതന്മാർ അദ്ദേഹത്തെ അവിടെ നിന്നും നരകം എന്ന യാതനാസ്ഥലത്തേക്കു കൊണ്ടുപോയി. നരകത്തി ലുള്ളവർ തങ്ങളുടെ വിവരങ്ങൾ അദ്ദേഹത്തെ അറിയിച്ചു. വേദനകൊണ്ട് പലരും നിലവിളിക്കുകയും ശപിക്കുകയും ചെയ്തുകൊണ്ടിരുന്നു.

സ്വർഗവും നരകവും യാഥാർഥ്യങ്ങൾ ആണ്. സഹോദരാ, സഹോദരീ,

ഇന്നത്തെയും നാളത്തെയും സ്വാർത്ഥഭോഗങ്ങൾക്കായി നിത്യസന്തോഷവും നിത്യ സമാധാനവും നിങ്ങൾ നഷ്ടമാക്കിക്കളയരുത്.

സൃഷ്ടിയുടെ ആരംഭം മുതൽ മനുഷ്യൻ ഭൂമിയിലും ആദ്യത്തെ സ്വർഗ മാകുന്ന ആകാശത്തോടും ബന്ധപ്പെട്ട് നിൽക്കുന്നു. രണ്ടാം സ്വർഗം ആകുന്ന സൂര്യചന്ദ്ര നക്ഷത്രങ്ങളുള്ള വിതാനത്തിൽ മനുഷ്യൻ ദൈവം കൊടുത്ത ജ്ഞാനത്താൽ സ്പെയിസ് ഷട്ടിലിലൂടെ എത്തിച്ചേർന്നു. മൂന്നാം സ്വർഗം എന്നു വച്ചാൽ ദൈവത്തിന്റെ സിംഹാസനം, ദൈവവും ദൂതന്മാരും വിശുദ്ധന്മാരും വാസം ചെയ്യുന്ന സ്ഥലത്തേക്കു മനുഷ്യന്റെ ബുദ്ധികൊണ്ട് കയറിച്ചെല്ലുവാൻ സാദ്ധ്യമല്ല, യേശുവിന്റെ രക്തത്താലുള്ള രക്ഷയിലൂടെ മാത്രമേ മൂന്നാം സ്വർഗത്തിലേയ്ക്കു പ്രവേശനം ഉള്ളൂ.

മൂന്നു സ്വർഗങ്ങളെ കർത്താവിന്റെ മറ്റു ചില ദാസന്മാർ വ്യാഖ്യാനിക്കുന്ന രീതി വ്യത്യസ്തമാണ്. സ്വർഗത്തിനു തന്നെ മൂന്നു തട്ടുകളുണ്ടെന്ന് സാധു സുന്ദർസിംഗ് തന്റെ ദർശനങ്ങളിൽ കണ്ടതായിട്ട് തന്നെക്കുറിച്ചുള്ള പുസ്ത കത്തിൽ നമുക്കു വായിക്കുവാൻ കഴിയും. മൂന്നാമത്തെ സ്വർഗത്തിൽ (ഏ റ്റവും മുകളിൽ) വിശുദ്ധന്മാർ ദൈവത്തോട് അടുത്തു ജീവിക്കുന്നു. ഭൂമി യിൽ അത്രത്തോളം ത്യാഗം കർത്താവിനുവേണ്ടി അവർ സഹിച്ചതിന്റെ ഫലമായി അവർക്ക് ആ പ്രതിഫലം ലഭിച്ചിരിക്കുന്നു. ആദ്യത്തെ സ്വർഗ ത്തിലെ വിശുദ്ധന്മാർക്ക് മൂന്നാമത്തെ സ്വർഗത്തിൽ നിന്ന് ഇറങ്ങി വരുന്ന വിശുദ്ധന്മാരുടെ തേജസ് സഹിക്കാൻ പറ്റാത്തതാകകൊണ്ട് മുകളിൽ നിന്ന് ഇറങ്ങി വരുന്നവർ മൂടുപടം ധരിച്ചുകൊണ്ട് ഇറങ്ങിവരുന്നതായി സാധു സുന്ദർസിംഗ് ദർശനത്തിൽ കണ്ടതായി എഴുതിയിരിക്കുന്നു.

മൂന്നാം സ്വർഗത്തിൽ വിശുദ്ധ നഗരമായ “പുതിയ യെരുശലേം” ഉണ്ട് എന്ന് സത്യവേദപുസ്തകം പഠിപ്പിക്കുന്നു. ഈ മനോഹരമായ നഗരം ദൈവ സാന്നിധ്യത്തിന്റെ കേന്ദ്രം മാത്രമല്ല അത് വിശുദ്ധന്മാരുടെ നിത്യതയിലുള്ള വാസസ്ഥലം ആണ്. ബൈബിളിലെ “വെളിപ്പാട്” എന്ന പുസ്തകത്തിൽ ഈ നഗരത്തെപ്പറ്റി എഴുതിയിട്ടുണ്ട്.

അമേരിക്കയിൽ പാർക്കുന്ന ഒരു ഡോക്ടർ മൂന്നു നില കെട്ടിടത്തിന്റെ മുകളിൽ നിന്നും താഴെ നിലത്തേയ്ക്കു വീണു. തലയോട്ടിക്കും, തലച്ചോ റിനും പരുക്കുകൾ ഏറ്റ് ഐ.സി.യുവിൽ ഗുരുതരാവസ്ഥയിൽ കിടക്കുമ്പോൾ ദൈവം അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗത്തിലേയ്ക്കു കൊണ്ടുപോയി. ആത്മീയമായിട്ടുള്ള ശരീരം ഇപ്പോഴത്തെ നമ്മുടെ ശരീരത്തേക്കാൾ വളരെ വ്യത്യസ്ഥമാണ് എന്ന് ഡോക്ടർ തന്റെ പുസ്തകത്തിൽ എഴുതിയിരിക്കു ന്നു. സ്വർഗത്തിലെല്ലാം ആത്മാവു രൂപത്തിലുള്ള പുല്ലും മനോഹരമായ പൂക്കളും ആത്മാവ് രൂപത്തിലായതുകൊണ്ട് നടക്കുമ്പോൾ ഈ പുല്ലും, പൂക്കളും അദ്ദേഹത്തിന്റെ ശരീരത്തിൽ കൂടെ കയറി പോകുന്നതായി കണ്ടു.

ചിറക് ഉള്ളവരും, ചിറക് ഇല്ലാത്ത ദൂതന്മാരും നിത്യമായി ദൈവത്തെ സ്തുതിച്ചുകൊണ്ട് ഇരുന്നു. ഭൂമിയിൽ ഒരിക്കലും കേട്ടിട്ടില്ലാത്ത മനോഹരമായ സംഗീതം സ്വർത്തിൽ കേൾക്കുവാൻ ഡോക്ടർക്ക് ഇടയായി.

സ്വർഗവും നരകവും ഇല്ല എന്നാണ് ചിലരുടെ നിഗമനം. മറ്റുചിലർ സ്വർഗം ഉണ്ടെന്ന് പറയാൻ താൽപര്യം ഉള്ളവർ ആണെങ്കിലും നരകത്തെക്കുറിച്ചു ചോദിച്ചാൽ അങ്ങനെ ഒരു കാര്യമേ ഇല്ല എന്ന് പറയാറുണ്ട്. പള്ളികളിൽപോലും നരകത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ കുറഞ്ഞു പോയിരിക്കുന്നു. ജനങ്ങൾക്കു നരകത്തെക്കുറിച്ചു കേൾക്കുവാൻ താൽപര്യം ഇല്ലാത്തതുകൊണ്ട് ആയിരിക്കാം അത് ചിലർ പ്രസംഗിക്കാത്തത്. പക്ഷേ യേശു തന്റെ ശുശ്രൂഷയിൽ നരകത്തെയും പിശാചിനെപ്പറ്റിയും ധാരാളം ജനത്തോടു സംസാരിച്ചു എന്നു സുവിശേഷങ്ങളിൽ കാണുന്നു.

നരകത്തെക്കുറിച്ചു നിങ്ങൾ അറിവുള്ളവരായിരിക്കണം. ലൂക്കോസിന്റെ സുവിശേഷത്തിൽ 16-ാം അദ്ധ്യായം19 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ യേശു ധനവാന്റെയും ലാസറിന്റെയും കാര്യങ്ങൾ സംസാരിക്കുന്നു. യേശുവിൽ കൂടെയുള്ള രക്ഷ ത്യജിച്ചവർ യാതനാ സ്ഥലമാകുന്ന നരകത്തിലേയ്ക്കാണ് പോകുന്നത്. വെള്ള സിംഹാസനത്തിന്റെ ന്യായവിധി കഴിയുമ്പോൾ നരകത്തെയും തീപ്പൊയ്കയിലേയ്ക്ക് എറിഞ്ഞുകളയും. (വെളി.20:14) എന്നു സത്യവേദപുസ്തകം പറയുന്നു. പഴയനിയമ വിശുദ്ധന്മാർ മരിച്ചതിനു ശേഷം വിശ്രമ സ്ഥലമാകുന്ന “പറുദീസ” എന്ന സ്ഥലത്തേയ്ക്കു പോകുമായിരുന്നു. സ്വർഗത്തിലേയ്ക്ക് അവർക്കു പ്രവേശനമില്ലായിരുന്നു എന്നുള്ള കാര്യത്തിന്റെ തെളിവ് യേശു നിക്കോദിമോസിനോട് പറയുന്ന വാക്യത്തിൽ നമുക്ക് മനസിലാക്കുവാൻ കഴിയും.

**“സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നവനായി സ്വർഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗത്തിൽ കയറീട്ടില്ല.” (യോഹ.3:13).**

ഊനമില്ലാത്ത കുഞ്ഞാടിന്റെ (യേശുവിന്റെ) രക്തം ചൊരിയാതെയും അതിൽ വിശ്വസിക്കാതെയും സ്വർഗത്തിലേയ്ക്ക് മരിച്ചവർക്ക് ആർക്കും പ്രവേശനം ഇല്ലായിരുന്നു. മാത്രമല്ല യേശു കുരിശിൽ മരിച്ചതിനു ശേഷം പറുദീസയിലേയ്ക്കു പോയി. ബദ്ധന്മാരെ പിടിച്ചു സ്വർഗത്തിലേക്കു പിതാവിന്റെ അടുക്കലേയ്ക്ക് കൊണ്ടുപോയി എന്ന് സത്യവേദപുസ്തകം പറയുന്നു. അതുകൊണ്ട്

**“അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു” എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്ക് ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധി**

**സ്വർഗത്തിനു മീതെ കയറിയവനും ആകുന്നു.(എഫെസ്യർ 4:8-10).**

പറുദീസയിലാണ് ലാസറിന്റെ ആത്മാവു പോയത് എന്നു യേശു പറഞ്ഞു. ധനവാന്റെ ആത്മാവോ, പാതാളത്തിൽ യാതനാസ്ഥലത്തേയ്ക്കു പോയി എന്നു നാം ലൂക്കോസ് 16-ൽ വായിക്കുന്നു. (ലൂക്കോസ് 16:23-25) പാതാളത്തിൽ ധനവാൻ വേദനയും ദാഹവും ദുഃഖവും അനുഭവിച്ചു എന്ന് ഈ വാക്യങ്ങളിൽ നിന്ന് മനസിലാക്കുവാൻ കഴിയും. ലാസറോ പറുദീസയിൽ (അബ്രഹാമിന്റെ മടിയിൽ) ആശ്വാസവും സമാധാനവും പ്രാപിച്ചു. ധനവാൻ പറയുന്ന ഈ വാക്കുകൾ ശ്രദ്ധിക്കുക.

**"ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു." (ലൂക്കോസ് 16:24).**

യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കാത്ത ഏതു മനുഷ്യന്റെയും അന്ത്യ അവസ്ഥ ഇങ്ങനെയായിരിക്കും. നിങ്ങൾ പാപാവസ്ഥയിൽ മരിച്ചാൽ നരകത്തിലെ തീക്കു നിങ്ങൾ ഇരയാകും എന്നു സത്യവേദപുസ്തകം പറയുന്നു.

ഞാൻ ഗുൽബർഗായിൽ പഠിക്കുമ്പോൾ വേനൽക്കാലത്ത് പറ്റാത്ത ചൂടും, ദാഹവും ഉണ്ടാകുമായിരുന്നു. മൂന്നും നാലും ലിറ്റർ വെള്ളം കുടിച്ചാലും ദാഹം ശമിക്കാത്ത അവസ്ഥ. ഫാനോ, കൂളറിന്റെയോ മുമ്പിൽ ഇരുന്നാൽ മാത്രമേ അല്പം ആശ്വാസം ലഭിക്കുകയുള്ളായിരുന്നു. ഈ ഭൂമിയിലുള്ള ചൂടും ദാഹവും സഹിക്കാൻ ആവില്ല എങ്കിൽ നരകയാതന ഒന്നു ഓർത്തു നോക്കുക. ഒരു തുള്ളി വെള്ളം കിട്ടാത്ത സ്ഥലം. ആളിക്കത്തുന്ന തീയും സഹിക്കാനാവാത്ത വേദനയും, ദുഃഖവും വിലാപവും മാത്രം. ഇതാണോ നിങ്ങളുടെ ഭാവി. സ്വർഗത്തിലെ ദൈവം നിങ്ങളോട് ഇങ്ങനെ പറയുന്നു.

**"ഇതാ, ഞാൻ ഇന്നു ജീവനും ഗുണവും, മരണവും ദോഷവും നിന്റെ മുമ്പിൽ വെച്ചിരിക്കുന്നു." (ആവർത്തനം 30:15).**

**നിങ്ങൾ എന്ത് തെരഞ്ഞെടുക്കും?**

സ്വർഗം നിങ്ങളുടെ ഭാവിയിലെ നിത്യമായ വാസസ്ഥലം ആകേണമെങ്കിൽ നിങ്ങളുടെ പാപങ്ങളെ സ്വർഗത്തിലെ ദൈവത്തോട് ഏറ്റു പറഞ്ഞാലേ മതിയാകൂ.

ഞാനൊരു പാപവും ചെയ്തിട്ടില്ല; എനിക്ക് ഒരു പാപവും ഇല്ല. എന്ന് നിങ്ങൾ പറയരുത്. വേദപുസ്തകം പറയുന്നു.

**"നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി." (1യോഹ.1:10).**

നമ്മുടെ പാപങ്ങളും അനീതി ഒക്കെയും ദൈവത്തോട് ഏറ്റുപറയുമ്പോൾ ദൈവം നമ്മെ തന്റെ പുത്രനാകുന്ന യേശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധീകരിക്കുകയും തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ മുദ്രയിടുകയും ചെയ്യുന്നു. വചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**“നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. “(യോഹ.1:9)**

ഇതുവരെയും നിങ്ങൾ ദൈവത്തോടു നിങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞില്ലെങ്കിൽ ഇപ്പോൾ തന്നെ ഈ പ്രാർത്ഥന പ്രാർത്ഥിക്കുക.

**പ്രാർത്ഥന**

*“ സ്വർഗീയ പിതാവേ, ഞാൻ പാപിയാണെന്ന് ഞാൻ ഏറ്റു പറയുന്നു. പാപാവസ്ഥയിൽ ഞാൻ മരിച്ചാൽ നരകത്തിൽ നിത്യമായി ശിക്ഷ എനിക്ക് അനുഭവിക്കേണ്ടി വരും എന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ ക്ഷമിച്ച് യേശുവിന്റെ രക്തത്താൽ എന്നെ കഴുകേണമേ. യേശു കർത്താവാണെന്നും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ചെന്നും ഞാൻ ഹൃദയം കൊണ്ടു വിശ്വസിക്കുകയും എന്റെ വായ് കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നു. നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ച് ഒരു വിശുദ്ധജീവിതം നയിക്കുവാൻ കൃപ നൽകേണമേ. യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു.” കൃപയോടെ കേൾക്കേണമേ. ആമേൻ.”*

ഇനിയും നിങ്ങൾ നിങ്ങൾക്കുവേണ്ടിയല്ല ഈ ലോകത്തിൽ ജീവിക്കേണ്ടത്. ത്രിഏക ദൈവത്തിന് (പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും) വേണ്ടി നിങ്ങൾ ജീവിക്കണം. അത് എങ്ങനെയാണ് സാദ്ധ്യമാകുന്നത്? ദൈവത്തിന്റെ വചനം നിങ്ങൾ നിരന്തരമായി വായിക്കുകയും ധ്യാനിക്കുകയും വേണം. വായിക്കുകയും, ധ്യാനിക്കുകയും മാത്രമല്ല പുതിയനിയമത്തിൽ എഴുതിയിരിക്കുന്ന അപ്പോസ്തോലിക ഉപദേശ പ്രകാരം നിങ്ങൾ ജീവിക്കണം.

പിരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ നമുക്ക് ശക്തമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധ്യമാകുകയുള്ളൂ. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തിക്കായിട്ട് എല്ലാ ദിവസവും നിങ്ങൾ ദൈവത്തോടും പ്രാർത്ഥിക്കണം. ജഡത്തിന്റെ മോഹങ്ങൾ, പിശാചിന്റെ തന്ത്രങ്ങൾ, ലോകത്തിന്റെ ഇമ്പങ്ങൾ ഇതിന്റെ മേൽ എല്ലാം നിങ്ങൾ പ്രാർത്ഥനയാലും ഉപവാസത്താലും ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മശക്തിയാലും ജയം എടുക്കണം. വിഗ്രഹാരാധികളുടെ മദ്ധ്യത്തിൽ നിന്നു മാറി നിങ്ങൾ വേർപാടു ആചരിച്ച് ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കണം. കർത്താവ് വരുവോളം അവന്റെ മരണത്തെ ഓർക്കേണ്ടതിനും പ്രസ്താ

വിക്കേണ്ടതിനും കർത്താവിന്റെ മേശയിങ്കൽ നിങ്ങൾ നിരന്തരമായി പങ്കാളികളാകണം. സത്യവേദപുസ്തകത്തിൽ യേശു ഇങ്ങനെ പറയുന്നതായി നാം വായിക്കുന്നു.

**“മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും” (വെളിപ്പാട് 2:10).**

നിങ്ങളുടെ നിത്യമായിട്ടുള്ള ഭാവി നിങ്ങളുടെ കൈയിലാണ്. ഈ വായിച്ചതെല്ലാം നിങ്ങൾ ത്യജിച്ചാൽ നഷ്ടം നിങ്ങൾക്കല്ലാതെ വേറെ ആർക്കും അല്ല. ഏറ്റെടുത്തു ജീവിച്ചാൽ സ്വർഗം നിങ്ങളിൽ സന്തോഷിക്കും.

പുതിയ ഒരു തീരുമാനം നിങ്ങൾ ഇന്ന് എടുക്കണം. നിത്യമായ ഒരു സ്വർഗീയ ഭവനം ദൈവം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു. സത്യവേദപുസ്തകം പറയുന്നു.

**“അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.” (യോഹ.1:12).**

അതേ, യേശുവിൽ വിശ്വസിക്കുക യേശുവിനെ കൈക്കൊള്ളുക, യേശുവിനുവേണ്ടി ജീവിക്കുക. അത് നിങ്ങൾക്കനുഗ്രഹമായിത്തീരും.

ഒരു യുവതി രോഗം ബാധിച്ചു മരണത്തോടു മല്ലടിക്കുമ്പോൾ, ദൈവം അവളുടെ ആത്മാവിനെ സ്വർഗത്തിലേയ്ക്കു കൊണ്ടുപോയി. മനോഹരമായ ഫലങ്ങൾ നിറഞ്ഞിരിക്കുന്ന വൃക്ഷങ്ങൾ അവൾ കണ്ടു. വൃക്ഷങ്ങളുടെ ചുവട്ടിൽ കൊച്ചു കൊച്ചു കുട്ടികൾ സന്തോഷത്തോടെ കളിക്കുന്നതായും കണ്ടപ്പോൾ അവൾ വളരെ സന്തോഷിച്ചു. എല്ലാവരും വെള്ളവസ്ത്രം ധരിച്ചിരിക്കുന്നു. ഇതുവരെ ഭൂമിയിൽ കാണാത്ത ശ്രേഷ്ഠമായ വീടുകൾ സ്വർഗത്തിന്റെ ഒരു ഭാഗത്ത് അവൾ കണ്ടു. വിലയേറിയ കല്ലുകൾ കൊണ്ട് നിർമിതമായ ഈ വീടുകളിൽ വിശുദ്ധന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതായി അവൾ കണ്ടു. പൊന്നുകൊണ്ടു നിർമിതമായ പാതകളിൽ അവൾ നടന്നു. എല്ലായിടത്തും അന്തരീക്ഷത്തിൽ സമാധാനം ഉണ്ടായിരുന്നു. ജീവജലനദിയിൽ അവൾ ഇറങ്ങി. വെള്ളവും, വായുവും തമ്മിൽ വലിയ വ്യത്യാസം ഒന്നും അനുഭവിച്ചില്ല. വെള്ളത്തിനടിയിൽ നീന്തുമ്പോൾ അവൾക്ക് ശ്വസിക്കുകയും കാണുകയും കേൾക്കുകയും സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്ന അവസ്ഥ അവളെ രോമാഞ്ചപ്പെടുത്തി.

രക്ഷയുടെ അനുഭവത്തിലേയ്ക്ക് വരുന്ന നാളുകളിൽ കർത്താവിന്റെ ഒരു ദാസൻ സ്വപ്നത്തിൽ ഇങ്ങനെ കാണുവാൻ ഇടയായി. കൊയ്ത്തു കഴിഞ്ഞിരിക്കുന്ന ഒരു വയലിൽ അയാൾ നിൽക്കുകയാണ്. രാത്രി സമയത്ത് ആകാശത്ത് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നു. അന്തരീക്ഷത്തിൽ സമാധാനം ഉണ്ട്. എല്ലാം നിശ്ചലവും, ദൈവത്തിന്റെ സാന്നിധ്യത്തിൽ അയാൾ

സന്തോഷിച്ചു. ഇങ്ങനെയിരിക്കെ ദൂരെയേതോ ശബ്ദം കേൾക്കുന്നു. അയാൾ നടന്ന് ശബ്ദം കേൾക്കുന്ന സ്ഥലത്തേയ്ക്ക് പോയി. "എന്നെ രക്ഷിക്കണമെ, എന്ന് അനേക വ്യക്തികൾ ഒന്നിച്ച് നിലവിളിക്കുന്ന ശബ്ദം. ശബ്ദം കേൾക്കുന്ന സ്ഥലത്തേയ്ക്ക് അടുത്തടുത്ത് ചെല്ലുന്തോറും ഈ നിലവിളികൾ അയാളുടെ കാതുകളിൽ മുഴങ്ങുവാൻ തുടങ്ങി. അടുത്തു ചെന്നു നോക്കിയപ്പോൾ ആർക്കും അളക്കാൻ കഴിയാത്ത വലിയൊരു കുഴിയിൽ ലക്ഷക്കണക്കിനു മനുഷ്യർ തീയ്ക്കകത്തു യാതനകൾ അനുഭവിക്കുന്ന കാഴ്ച അയാൾ കണ്ടു. ജ്വാലകൾ പൊങ്ങുമ്പോൾ മനുഷ്യർ അതിന്റെ കൂടെ പൊങ്ങും. ജ്വാലകൾ താഴുമ്പോൾ മനുഷ്യർ അതോടുകൂടെ ആഴത്തിലേയ്ക്കു താഴും. അയാൾ ശ്രദ്ധിച്ചപ്പോൾ താനും ഈ കുഴിയുടെ വക്കത്ത് നിൽക്കുകയാണെന്ന് മനസിലായി. "അയ്യോ, കർത്താവേ എന്നെ രക്ഷിക്കേണമേ എന്ന് അയാൾ ഉച്ചത്തിൽ നിലവിളിച്ചു. കർത്താവ് അയാളെ കരങ്ങളിൽ കോരിയെടുത്ത് ആദിയിൽ നിന്ന സ്ഥലത്ത് നിൽക്കുമാറാക്കി.

"ഈ അവസ്ഥ എന്റെ ജീവിതത്തിൽ വരാതിരിക്കാൻ ഞാൻ എന്തു ചെയ്യണം എന്നയാൾ കർത്താവിനോട് ചോദിച്ചതിന് കർത്താവ് ഇങ്ങനെ പറഞ്ഞു. "എന്നിൽ വിശ്വസിക്കുക, പിന്നെ നിന്നോടുകൂടെ കാര്യസ്ഥനായി, വഴികാട്ടിയായി, നിന്നെ നിത്യത വരെ നടത്തുവാൻ ഈ മുമ്പിൽ പോകുന്ന ആളിനെ അനുഗമിക്കുക. അയാൾ നോക്കിയപ്പോൾ മുമ്പിൽ ദൈവ സാദൃശ്യത്തിൽ വലിയൊരു രൂപം നടക്കുന്നതായി കണ്ടു. അത് ആരെന്നയാൾ കർത്താവിനോടു ചോദിച്ചതിന്, കർത്താവു പറഞ്ഞു. "അവൻ സത്യത്തിന്റെ ആത്മാവാണ്. അവൻ നിന്നെ സകല സത്യത്തിലു വഴി നടത്തും."

ഈ പുസ്തകം വായിക്കുന്ന നിങ്ങളെ കർത്താവായ യേശുക്രിസ്തുവും സത്യത്തിന്റെ ആത്മാവും രക്ഷയുടെ മാർഗത്തിലേയ്ക്കും നിത്യസന്തോഷത്തിലേയ്ക്കും ക്ഷണിക്കുകയാണ്.

നിങ്ങൾ ആ ക്ഷണം സ്വീകരിക്കുമോ? ഓർക്കുക! നിങ്ങളുടെ നിത്യത...ഒന്നുകിൽ സ്വർഗത്തിൽ അല്ലെങ്കിൽ നരകത്തിൽ... നിങ്ങൾക്കു തന്നെ തെരഞ്ഞെടുക്കാം.

പരിശുദ്ധാത്മാവ് നിറഞ്ഞ് കർത്താവിന്റെ ദാസന്മാർ നിങ്ങളുടെ ഭാവിയെക്കുറിച്ച് പ്രവചിക്കാം. അത് ദൈവത്തിന്റെ പദ്ധതിയിൽ ഉള്ളതാണ്. പുതിയ നിയമ പ്രവചനം മൂന്നു കാര്യങ്ങൾക്കുവേണ്ടിയാണ് സ്വർഗത്തിലെ ദൈവം വിശ്വാസികൾക്കു നൽകിയിരിക്കുന്നത്.

"പ്രവചിക്കുന്നവനോ ആത്മീയ വർദ്ധനയ്ക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു." (1കൊരി. 14:3).

ഏതു പ്രവാചകൻ പ്രവചിച്ചാലും, പ്രവചനം ഈ മൂന്നു കാര്യം നമുക്കു

നൽകുന്നുണ്ടോ എന്നു പരിശോധിക്കണം. വചനം പറയുന്നു.

**"പ്രവചനം തുഛീകരിക്കരുത്. സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ" (1 തെസ.5:20, 21)**

പ്രവചനം നിരാശയും ഭയവും ഭീതിയും ആത്മീയ തളർച്ചയും വരുത്തുന്നതാണെങ്കിൽ നിങ്ങൾ കേട്ടിരിക്കുന്ന ആലോചന ദൈവികമാണോ, മാനുഷികമാണോ എന്നു തന്നത്താൻ വചനാടിസ്ഥാനത്തിൽ പരിശോധിക്കുക. അപ്പോസ്തലനായ പൗലോസ് പറയുന്നതുപോലെ **"സകലതും ശോധന ചെയ്ത് നല്ലതു മുറുകെ പിടിപ്പീൻ" (1 തെസ.5:21).**

മരണഭീതി നിങ്ങളെ ചെറുപ്രായത്തിൽ തന്നെ പിടികൂടിയിട്ടുണ്ടോ? സ്വർഗത്തിലെ ദൈവം നിങ്ങളോട് ഇങ്ങനെ പറയുന്നു.

**"നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ച് നിന്നോട്: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു." (യെശ.41:3).**

സ്വർഗത്തിലെ ദൈവത്തെ പൂർണഹൃദയത്തോടും പൂർണ മനസോടും പൂർണ ശക്തിയോടും പൂർണ ആത്മാവോടും സേവിക്കുക. അങ്ങനെയെങ്കിൽ ദൈവത്തിന്റെ ഈ വാഗ്ദത്തം നിങ്ങളുടെ ജീവിതത്തിൽ നിവർത്തിയാകും. **"ദീർഘായുസുകൊണ്ടു ഞാൻ അവനു തൃപ്തിവരുത്തും; എന്റെ രക്ഷയെ അവനു കാണിച്ചുകൊടുക്കും." (സങ്കീ.91:16).**

ദീർഘായുസ് ഇച്ഛിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വചനം പറയുന്നത് നിങ്ങൾ അനുസരിച്ചാലേ മതിയാകൂ.

**"ജീവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതിനു ദീർഘായുസ് ഇച്ഛിക്കുകയും ചെയ്യുന്നവൻ ആർ? ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക; ദോഷം വിട്ടകന്നു ഗുണം ചെയ്ക; സമാധാനം അന്വേഷിച്ചു പിന്തുടരുക" (സങ്കീർത്തനം 34:12-14).**

**ഇതു ചെയ്യാൻ തയ്യാർ ആണോ?**

കൽദയരുടെ ഊരിൽ നിന്ന് ദൈവവിളി കേട്ടു പുറപ്പെട്ട അബ്രഹാമിന്റെ മനസിൽ ഭയം ഉളവായതുകൊണ്ട് സ്വർഗത്തിലെ ദൈവം അവനോട് ഇങ്ങനെ പറഞ്ഞു.

"അബ്രഹാമേ, ഭയപ്പെടേണ്ടാ; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവുമാകുന്നു." (ഉൽപത്തി 15:1).

**"അതിന് അബ്രഹാം; കർത്താവായ യഹോവേ, നീ എനിക്കു എന്തു ചെയ്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശേക്കുകാരനായ ഈ എല്യാസർ അത്രേ എന്നു പറ**

**ഞ്ഞു.'' (ഉൽപത്തി 15:2).**

മക്കൾ ഇനിയും ഉണ്ടാകുമോ, എന്റെ ദാസൻ ഇനി അവകാശിയായി ത്തീരുമോ എന്ന് അബ്രഹാമിന്റെ മനസിൽ ഭയം ഉണ്ടായിരുന്നു. ആ ഭയത്തെ മാറ്റുവാൻ ദൈവം അവനോടു ഇങ്ങനെ പറഞ്ഞു...

**"അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശിയാകും എന്നു ...'' (ഉല്പത്തി 15:4).**

തലമുറയില്ലാതെ ഇന്ന് നിങ്ങൾ ഭാരപ്പെടുകയാണെങ്കിൽ ദൈവവചനത്തിന്റെ വാഗ്ദത്തത്തെ മുറുകെ പിടിച്ചുകൊണ്ട് ദൈവത്തോടു മുട്ടിപ്പായി അപേക്ഷിക്കുക. സ്വർഗത്തിലെ ദൈവം നിങ്ങളുടെ പ്രാർത്ഥന കേട്ട് തക്ക സമയത്ത് നിങ്ങൾക്ക് മറുപടി നൽകും.

യഹോവാ ഭക്തൻ തന്റെ മക്കളുടെ മക്കളെ കാണും എന്നു 128-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു. 127-ാം സങ്കീർത്തനത്തിൽ ദൈവത്തിന്റെ വചനം ഇങ്ങനെ പറയുന്നു.

**"മക്കൾ യഹോവ നൽകുന്ന അവകാശവും, ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ'' (സങ്കീർത്തനം 127:3).**

ആത്മാവിലും സത്യത്തിലും നിങ്ങൾ കർത്താവിനെ വിശ്വസ്തതയോടെ ആരാധിക്കുന്നവരാണെങ്കിൽ മക്കൾ ദൈവം നൽകുന്ന അവകാശവും പ്രതിഫലവും ആകുന്നു എന്നു ദൈവവചനം പറയുന്നു. 113-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ ദൈവത്തിന്റെ മനസലിവ് ഓർത്ത് ഇങ്ങനെ കുറിക്കുന്നു...

**"അവൻ വീട്ടിൽ മച്ചിയായവളെ മക്കളുടെ അമ്മയായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു'' (സങ്കീർത്തനം113:9).**

ദൈവവചനത്തിൽ പല സ്ത്രീകളെക്കുറിച്ച് അവരുടെ വൈവാഹിക ജീവിത്തെ സംബന്ധിച്ച് ഈ കാര്യം എഴുതിയിരിക്കുന്നു.

**"സാറായി മച്ചിയായിരുന്നു; അവൾക്കു സന്തതിയുണ്ടായിരുന്നില്ല'' (ഉല്പത്തി 11:30).**

**"തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ടു യിസ്ഹാക്ക് അവൾക്കു വേണ്ടി യഹോവയോടു പ്രാർത്ഥിച്ചു; യഹോവ അവന്റെ പ്രാർത്ഥന കേട്ടു'' (ഉല്പത്തി 25:21).**

**"ലേയാ അനിഷ്ടയെന്നു യഹോവ കണ്ടപ്പോൾ അവളുടെ ഗർഭത്തെ തുറന്നു; റാഹേലോ മച്ചിയായിരുന്നു.'' (ഉല്പത്തി 29:31).**

**"എന്നാൽ ദാൻ ഗോത്രത്തിൽ ഉള്ളവനായി സോരാഥ്യനായ ഒരു പുരുഷൻ ഉണ്ടായിരുന്നു; അവനു മാനോഹ എന്നു പേർ; അവന്റെ ഭാര്യ മച്ചിയായിരിക്കകൊണ്ടു പ്രസവിച്ചിരുന്നില്ല'' (ന്യായാധിപൻമാർ 13:2).**

**"എൽക്കാനെക്കു രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു; ഒരുത്തിക്കു ഹന്നാ എന്നും മറ്റവൾക്കു പെനിന്നാ എന്നും പേർ; പെനിന്നയ്ക്കു മക്കൾ ഉണ്ടായിരുന്നു; ഹന്നെക്കോ മക്കൾ ഇല്ലായിരുന്നു." (1 ശമുവേൽ 1:2).**

**"എലിശബെത്ത് മച്ചിയാകകൊണ്ട് അവർക്ക് സന്തതി ഇല്ലാഞ്ഞു; ഇരുവരും വയസു ചെന്നവരും ആയിരുന്നു." (ലൂക്കോസ് 1:7).**

ഇവരുടെ എല്ലാവരുടെയും ജീവിതത്തിൽ ദൈവം വലിയ അത്ഭുതങ്ങൾ ചെയ്തു. സാറായ്ക്ക് ഇസഹാക്കിനെ, റബേക്കായ്ക്ക് ഏശാവിനെയും, യാക്കോബിനെയും, റാഹേലിന് ജോസേഫും ബെന്യാമീനും, മനോഹ കുടുംബത്തിന് ശിംശോനെ, ഹന്നായ്ക്ക് ശമുവേലിനെ, എലിശബെത്തിന് യോഹന്നാനെയും ദൈവം ദാനമായി നൽകി. അതുകൊണ്ടു മക്കളില്ലാതെ ഇന്ന് നിങ്ങൾ ഭാരപ്പെടുന്നു എങ്കിൽ സങ്കീർത്തനക്കാരൻ 42-ാം സങ്കീർത്തനത്തിൽ പറയുന്നത് ഓർത്തുകൊൾക.

**"എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക; അവൻ എന്റെ മുഖപ്രകാശ രക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും" (സങ്കീർത്തനം 42:11).**

മക്കളില്ലാത്തവർക്കു അതിനെക്കുറിച്ചുള്ള ഭയം എങ്കിൽ മക്കൾ ഉള്ളവർക്ക് അവരെ ചൊല്ലിയുള്ള ഭയം, അവരുടെ ഭാവി എന്തായിത്തീരും, വിദ്യാഭ്യാസം, വിവാഹം, ഇതൊക്കെ എങ്ങനെ സാധ്യമാകും. പക്ഷേ ഇങ്ങനെയുള്ളവരോടും സ്വർഗത്തിലെ ദൈവത്തിന് പറയാനുള്ള വാക്കുകൾ ഇങ്ങനെയാണ്.

**"നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്."** നിങ്ങളുടെ സന്തതി അനുഗ്രഹിക്കപ്പെടണം എന്ന് നിങ്ങൾക്ക് ആഗ്രഹം ഉണ്ടെങ്കിൽ നിങ്ങൾ എന്നു വച്ചാൽ മാതാപിതാക്കൾ ദൈവത്തിന്റെ വഴിയിൽ നടക്കുന്നവർ ആയിരിക്കണം.

സത്യവേദപുസ്തകം ഇങ്ങനെ പറയുന്നു...

**" യഹോവയെ സ്തുതിപ്പീൻ; യഹോവയെ ഭയപ്പെട്ടു, അവന്റെ കൽപനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ" "അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും." (സങ്കീർത്തനം 112:1,2).**

**"യഹോവാ ഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവനു കാണിച്ചുകൊടുക്കും. അവൻ സുഖത്തോടെ വസിക്കും; അവന്റെ സന്തതി ദേശത്തെ അവകാശമാക്കും" (സങ്കീർത്തനം 25:12,13).**

യിസ്രായേലിന്റെ രാജാവായ ശലോമോൻ ഇങ്ങനെ സദൃശ്യവാക്യം എഴു

തിയിരിക്കുന്നു.

**"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃശ്യവാക്യം 22:6).**

അപ്പനും അമ്മയും കർത്താവിന്റെ കല്പനകളെ അനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ മക്കൾക്ക് അത് വലിയ ദോഷമായിത്തീരും. ചിലർ അവരുടെ മക്കൾ പോകേണ്ട ശരിയായിട്ടുള്ള വഴി കാണിച്ചുകൊടുക്കാറില്ല. അത് എന്തുകൊണ്ടാണെന്നുവച്ചാൽ അവർ തന്നെ ശരിയായിട്ടുള്ള വഴി അറിഞ്ഞിട്ടില്ല. പിന്നെ എങ്ങനെയാണ് മക്കളെ വഴി കാണിച്ചു കൊടുക്കുന്നത്. പഠിക്കേണ്ട സമയത്ത് സിനിമയും അനാവശ്യമായ കാര്യങ്ങളിലും ചിലവഴിക്കുവാൻ തങ്ങളുടെ മക്കളെ അനുവദിച്ച് പരീക്ഷയുടെ സമയത്ത് ചിലർ ഇങ്ങനെയും പ്രാർത്ഥിക്കും.

"കർത്താവെ, ഞാൻ നിന്റെ കാൽ പിടിച്ചു പ്രാർത്ഥിക്കുന്നു, നീ എന്റെ മകന്റെ കൈപിടിച്ചു പരീക്ഷ എഴുതിപ്പിക്കണമെ" ഈ പ്രാർത്ഥന എങ്ങനെ ഫലിക്കാൻ സാധ്യമാകും?

വാസ്തവമായും നിങ്ങൾ ഭയഭക്തിയോടെ ജീവിക്കുന്നവരാണെങ്കിൽ ദൈവം നിങ്ങളെ ഒരിക്കലും കൈവിടുകയില്ല. നിങ്ങളുടെ മക്കളുടെ വിഷയങ്ങൾ എന്തായാലും അതൊക്കെയും കർത്താവ് ഏറ്റെടുത്ത് നിങ്ങളെയും നിങ്ങളുടെ മക്കളെയും ജയോത്സവമായി നടത്തും.

സത്യവേദപുസ്തകത്തിൽ ഹാഗാർ എന്ന പേരുള്ള ഒരു സ്ത്രീ വളരെ കഷ്ടതയിൽ ആയിത്തീർന്നതായി നാം വായിക്കുന്നു. അവളെയും അവളുടെ മകനെയും വീട്ടിൽ നിന്നു പുറത്താക്കിയിരുന്നു. മരഭൂമിയിൽ ഉഴന്നു നടക്കുമ്പോൾ അവരുടെ തുരുത്തിയിലുള്ള വെള്ളം തീർന്നുപോയി. മകൻ മരിക്കുമെന്നവൾക്കു ബോധ്യമായപ്പോൾ അവനെ ഒരു കുറുങ്കാട്ടിൻ തണലിൽ ഇട്ടു അവൾ പോയി അതിനെതിരെ ഒരമ്പിൻ പാടു ദൂരെ ഇരുന്നു. കുട്ടിയുടെ മരണം തനിക്കു കാണേണ്ട എന്നു പറഞ്ഞ് എതിരെ ഇരുന്ന് ഉറക്കെ കരഞ്ഞു. പിന്നെ സത്യവേദപുസ്തകം പറയുന്നു.

**"ദൈവം ബാലന്റെ നിലവിളി കേട്ടു; ദൈവത്തിന്റെ ദൂതൻ ആകാശത്തുനിന്നു ഹാഗാറിനെ വിളിച്ചു അവളോടു; ഹാഗാരേ നിനക്ക് എന്ത്? നീ ഭയപ്പെടേണ്ട; ബാലൻ ഇരിക്കുന്നേടത്തുനിന്നു അവന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു. നീ ചെന്നു ബാലനെ താങ്ങി എഴുന്നേൽപിച്ചുകൊൾക; ഞാൻ അവനെ ഒരു വലിയ ജാതിയാക്കും എന്നരുളിച്ചെയ്തു. ദൈവം അവളുടെ കണ്ണു തുറന്നു; അവൾ ഒരു നീരുറവു കണ്ടു, ചെന്നു തുരുത്തിയിൽ വെള്ളം നിറച്ചു ബാലനെ കുടിപ്പിച്ചു" (ഉല്പത്തി 21: 17 –19).**

ഹാഗാറിനെപ്പോലെ ഇന്നു നിങ്ങളുടെ തലമുറയുടെ ഭാവിയെ ഓർത്ത്

ദുഃഖിക്കുകയാണോ? യേശു നിങ്ങളോടു **"ഭയപ്പെടേണ്ട"** എന്നു പറയുന്നു. നിങ്ങൾ മാതാപിതാക്കൾ കർത്താവിനുവേണ്ടി നിങ്ങളുടെ ജീവിതത്തെ സമർപ്പിച്ച് ജീവിക്കുന്നവരാണെങ്കിൽ കർത്താവ് നിങ്ങളുടെ മക്കളുടെ കാര്യങ്ങൾ എല്ലാം അതിശയകരമായി നടത്തും. അത് അവന്റെ നീതിയാണ്.

വചനം പറയുന്നു... **"നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യെശുരൂനേ, നീ ഭയപ്പെടേണ്ടാ" (യെശയ്യാവ് 44:2)**.

സത്യവേദപുസ്തകത്തിൽ രോഗസൗഖ്യത്തിന്റെ അനേക വാഗ്ദത്തങ്ങൾ സ്വർഗത്തിലെ ദൈവം തന്റെ ജനത്തിന്റെ വിടുതലിനായിട്ട് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നു നിങ്ങൾ രോഗത്താൽ ഭാരപ്പെടുകയാണോ? ക്ഷീണിതരാണോ? വേദനയാൽ വലയുകയാണോ? കാൽവരി ക്രൂശിൽ നിങ്ങളുടെ വേദനകൾ, രോഗങ്ങൾ, ക്ഷീണങ്ങൾ വഹിച്ച ഒരുവനുണ്ട് എന്ന് ഓർത്തുകൊള്ളുക. അതേ; യേശു നിങ്ങളെ സൗഖ്യമാക്കുവാൻ ശക്തനും അധികാരം ഉള്ളവനുമാണ്.

മത്തായിയുടെ സുവിശേഷം 14-ാം അദ്ധ്യായം 14-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**"അവൻ വന്ന് വലിയ പുരുഷാരത്തെ കണ്ട് അവരിൽ മനസലിഞ്ഞ് അവരുടെ രോഗികളെ സൗഖ്യമാക്കി."**

മനസലിവുള്ളവന്റെ കയ്യിലേയ്ക്ക് നിങ്ങളെ തന്നെ സമർപ്പിക്കാമോ? അവൻ നിങ്ങളെ സൗഖ്യമാക്കുക മാത്രമല്ല അവൻ നിങ്ങളെ ശക്തീകരിക്കും, പുതിയ ബലം കൊണ്ട് നിറയ്ക്കും.

രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനു മുമ്പ് നിങ്ങളുടെ പാപങ്ങൾക്കു മോചനം ലഭിച്ചിട്ടുണ്ടോ എന്നൊരു ചോദ്യം നിങ്ങളോടു തന്നെ ചോദിക്കുക. ഇതുവരെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ നിങ്ങൾ സ്വന്തരക്ഷിതാവായി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ തന്നെ അതു ചെയ്യുക. പേജ് നമ്പർ 15ലെ പ്രാർത്ഥന അനുതാപ ഹൃദയത്തോടെ കർത്താവിനോടു പ്രാർത്ഥിക്കുക.

രക്ഷിക്കപ്പെട്ട നിങ്ങൾക്ക് ഇനിയും പ്രാഗൽഭ്യത്തോടെ കർത്താവ് പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യാം. കർത്താവ് നിങ്ങളുടെ പ്രാർത്ഥന കേട്ട് നിങ്ങൾക്ക് വലിയ വിടുതൽ കല്പിക്കും. രോഗ സൗഖ്യത്തിന്റെ ഒരു പ്രധാനപ്പെട്ട വാഗ്ദത്തം പുറപ്പാട് പുസ്തകം 15-ാം അദ്ധ്യായം 26-ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**"നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് അവന് പ്രസാദമുള്ളത് ചെയ്യുകയും അവന്റെ കല്പനകളെയും അനു**

**സരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കുകയും ചെയ്താൽ ഞാൻ മിസ്രയിമ്യർക്ക് വരുത്തിയ വ്യാധികളിലൊന്നും നിനക്കു വരുത്തുകയില്ല. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു.''**

ഇസ്രായേൽ ജനം മിസ്രയീം വിട്ട് മരുഭൂമിയിൽ മാറാ എന്ന സ്ഥലത്ത് എത്തിയപ്പോൾ യഹോവയായ ദൈവം അത്ഭുതകരമായി കയ്പുള്ള വെള്ളം മധുരമാക്കി തന്റെ ജനത്തിന്റെ ദാഹത്തെ ശമിപ്പിച്ച് അവരെ സന്തോഷിപ്പിച്ചതിനു ശേഷം അവർക്കു കൊടുത്ത സൗഖ്യത്തിന്റെ വലിയൊരു വാഗ്ദത്തമാണിത്. അതെ അവൻ നിങ്ങളെ സൗഖ്യമാക്കുന്ന യഹോവയാകുന്നു.

"യേശു എന്നെ സൗഖ്യമാക്കുന്ന എന്റെ ദൈവം'' എന്ന സൗഖ്യത്തിന്റെ വചനം നിങ്ങളുടെ വാകൊണ്ട് ഏറ്റുപറയുന്നതിൽ നിങ്ങളുടെ ശരീരത്തിന് വലിയ വിടുതലുണ്ട്. അതുകൊണ്ട് നിങ്ങൾ രോഗിയാണെങ്കിൽ വായിക്കുന്ന ഈ വചനങ്ങൾ ഏറ്റുപറയുക. മത്തായിയുടെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**"അവൻ മലയിൽ നിന്ന് ഇറങ്ങി വന്നാറെ വലിയ പുരുഷാരം അവനെ പിൻതുടർന്നു. അപ്പോൾ ഒരു കുഷ്ടരോഗി വന്ന് അവനെ നമസ്കരിച്ചു. കർത്താവേ നിനക്ക് മനസുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയുമെന്ന് പറഞ്ഞു. അവൻ കൈനീട്ടി അവനെ തൊട്ടു. എനിക്ക് മനസുണ്ട് ശുദ്ധമാകുക എന്നു പറഞ്ഞു. ഉടനെ കുഷ്ടം മാറി അവൻ ശുദ്ധമായി.''**

പ്രിയ സഹോദരാ, സഹോദരി, നിങ്ങളെയും സൗഖ്യമാക്കുവാൻ യേശു മതിയായവൻ ആണ്. അവനിൽ വിശ്വസിക്കുക.

ഒരിക്കൽ എന്റെ രണ്ടു വയസുള്ള മകൾക്ക് ശാരീരികമായി ക്ലേശങ്ങൾ ഉണ്ടാകുവാൻ ഇടയായി. ഛർദ്ദിൽ മാറാതെ അവൾ പ്രയാസപ്പെട്ടുകൊണ്ടിരുന്നു. മരുന്നു കൊടുത്തിട്ടും അസുഖം മാറാതെയിരുന്നു. അവൾ തീരെ ക്ഷീണിച്ച് കിടക്കുമ്പോൾ ദൈവം എന്നെ തന്റെ വചനത്തിൽ നിന്നും ഒരു വാഗ്ദത്തം ഓർമ്മിപ്പിച്ചു. ആ വചനം ഹൃദയത്തിൽ വിശ്വസിച്ച് അവളെ ഓർത്ത് ഏകദേശം ഒരു രാത്രി മുഴുവൻ ഏറ്റുപറഞ്ഞതിന്റെ ഫലമായി അവൾ സൗഖ്യമാകുവാനും പിന്നെയും ബലം പ്രാപിക്കുവാനും ഇടയായി. ആ വാഗ്ദത്തം 46-ാം സങ്കീർത്തനത്തിൽ അഞ്ചാം വാക്യമായിരുന്നു.

**ദൈവം അതിന്റെ മദ്ധ്യേയുണ്ട്. അത് കുലുങ്ങിപ്പോകയില്ല. ദൈവം അതികാലത്തു തന്നെ അതിനെ സഹായിക്കും.''**

ഇംഗ്ലീഷ് ബൈബിളിൽ (അതിന്റെ) എന്ന വാക്കിന് പകരം (അവളുടെ) എന്നാണ് എഴുതിയിരിക്കുന്നത്. ഞാൻ വിശ്വസിച്ച് ഏറ്റുപറഞ്ഞത് ഇങ്ങനെയായിരുന്നു. ദൈവം അവളുടെ മദ്ധ്യേയുണ്ട്. അവൾ കുലുങ്ങിപ്പോകുകയില്ല. ദൈവം അവളെ അതികാലത്തെ സഹായിക്കും. രോഗത്താൽ ഭാരപ്പെടുന്ന നിങ്ങൾക്കും ഈ വാക്യം ഏറ്റു പറയാം. "ദൈവം എന്റെ മദ്ധ്യേ

യുണ്ട്. ഞാൻ കുലുങ്ങിപ്പോകുകയില്ല. ദൈവം എന്നെ ഇന്നു സഹായിക്കും. യേശു എന്റെ ഉള്ളിലുണ്ട്. ഞാൻ കുലുങ്ങിപ്പോകുകയില്ല. യേശു എന്നെ സഹായിക്കും." നിങ്ങളുടെ സംസാരശേഷി നഷ്ടപ്പെട്ടതാണെങ്കിൽ ഈ വചനങ്ങൾ നിങ്ങളുടെ മനസിൽ ഏറ്റു പറയാം. അതും വിടുതലായി പരിണമിക്കും. നിങ്ങളുടെ മക്കൾ രോഗികളാകുന്നുവെങ്കിൽ അവരുടെ മേൽ കൈ വച്ച് ഈ വാഗ്ദത്തങ്ങൾ അവർക്കായിട്ട് കർത്താവിൽ നിന്ന് പ്രാപിച്ചെടുക്കൂ. നിങ്ങളുടെ വിശ്വാസത്തെ സ്വർഗത്തിലെ ദൈവം മാനിക്കും.

103-ാം സങ്കീർത്തനത്തിൽ ദാവീദ് ഇങ്ങനെ പാടുന്നു.

**"അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു."**

ലോകത്തിൽ നാം ജീവിക്കുമ്പോൾ ശരീരത്തെ ബോധിക്കുന്ന എല്ലാ രോഗങ്ങളെയും സൗഖ്യമാക്കുവാൻ കഴിവുള്ള ഏക ദൈവമാണ് യേശു ക്രിസ്തു. വചനത്തിൽ ഇങ്ങനെ വായിക്കുന്നു.

**"പിന്നെ യേശു ഗലീലയിലൊക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ട് അവരുടെ പള്ളികളിൽ ഉപദേശിക്കുകയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയേയും സൗഖ്യമാക്കുകയും ചെയ്തു. അവന്റെ ശ്രുതി സുറിയയിൽ ഒക്കെയും പരന്നു. നാനാ വ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരെയും അവന്റെ അടുക്കൽ കൊണ്ടു വന്നു. അവൻ അവരെ സൗഖ്യമാക്കി."**

അവൻ ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയേയും സൗഖ്യമാക്കി എന്ന് എഴുതിയിരിക്കുന്നു. എത്ര വലിയ രോഗമായാലും നിങ്ങളെ സൗഖ്യമാക്കുവാൻ യേശു മതിയായവനാണ്. അവനിൽ വിശ്വസിക്കുക. ഒരിക്കൽ യേശു കഫർന്നഹൂമിൽ എത്തിയപ്പോൾ ഒരു ശതാധിപൻ വന്ന് അവനോട് ഇങ്ങനെ പറഞ്ഞു.

**കർത്താവേ എന്റെ ബാല്യക്കാരൻ പക്ഷവാതം പിടിച്ച് കഠിനമായ് വേദനപ്പെട്ട് വീട്ടിൽ കിടക്കുന്നു." ഞാൻ വന്ന് അവനെ സൗഖ്യമാക്കാം എന്ന് യേശു അവനോട് പറഞ്ഞു."**പിന്നെ സത്യവേദപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

**"കർത്താവേ നീ എന്റെ പുരയയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. ഒരു വാക്ക് മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. അതു കേട്ടിട്ട് യേശു അതിശയിച്ചു. പിൻചെല്ലുന്നവരോടു പറഞ്ഞത്" "ഇസ്രായേലിൽക്കൂടി ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. യേശു ശതാധിപനോടു, നീ**

**വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴിക യിൽ തന്നെ അവന്റെ ബാല്യക്കാരനു സൗഖ്യം വന്നു." (മത്തായി 8:8-13)**

നിങ്ങളുടെ വിശ്വാസത്തെ മാനിക്കുവാൻ ഇതാ യേശു ഒരുങ്ങിയിരിക്കു ന്നു. ശതാധിപനെപ്പോലെ അവനിൽ ഉറച്ച് വിശ്വസിക്കുക. ലൂക്കോസിന്റെ സുവിശേഷം നാലാം അദ്ധ്യായം 40-ാം വാക്യത്തിൽ ഇങ്ങനെ എഴുതിയി രിക്കുന്നു.

**"സൂര്യനസ്തമിക്കുമ്പോൾ നാനാവ്യാധികൾ പിടിച്ച് ദീനമുള്ളവ രെയൊക്കെയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ ഓരോരു ത്തരുടെയും മേൽ കൈവച്ച് അവരെ സൗഖ്യമാക്കി."**

പ്രാർത്ഥിക്കുമ്പോൾ വിശ്വാസക്കണ്ണുകൊണ്ട് അവന്റെ സ്പർശനത്തി നായി പ്രത്യാശവയ്ക്കുക. ഏത് രോഗമായാലും അവന്റെ കരസ്പർശന ത്താൽ അത് മാറിപ്പോകും.

മറ്റൊരു സൗഖ്യത്തിന്റെ വാഗ്ദത്തം 107-ാം സങ്കീർത്തനത്തിൽ 20-ാം വാക്യത്തിൽ നാം വായിക്കുന്നു.

**"അവൻ തന്റെ വചനത്തെ അയച്ച് അവരെ സൗഖ്യമാക്കി. അവരുടെ കുഴികളിൽ നിന്ന് അവരെ വിടുവിച്ചു."**

മിസൈൽ വിട്ട് കെട്ടിടങ്ങളെയും ബോംബ് ഇട്ട് പട്ടണങ്ങളെയും നശി പ്പിക്കുന്നത് നിങ്ങൾ കേട്ടിട്ടും കണ്ടിട്ടുമുണ്ടാകും. എന്നാൽ ഏത് ഇരുവാ യ്തലയുള്ള വാളിനേക്കാൾ മൂർച്ചയേറിയതും ഏത് പാറയെയും തകർക്കു വാൻ ശക്തിയുള്ളതുമായ ഒരിക്കലും നിഷ്ഫലമാകാത്ത വലിയ ഒരു ആയുധം ദൈവത്തിനുണ്ട്. അത് അവന്റെ വചനമാണ്. രോഗാണുക്കളെയും രോഗ ബന്ധനത്തെയും നശിപ്പിക്കുന്ന ആത്മാവിന്റെ വാളാകുന്ന ദൈവ ത്തിന്റെ വചനം. യെശയ്യാവിന്റെ പ്രവചനത്തിൽ 55-ാം അദ്ധ്യായം പത്തും പതിനൊന്നും വാക്യങ്ങളിൽ സ്വർഗത്തിലെ ദൈവം ഇങ്ങനെ പറയുന്നു.

**"മഴയും ഹിമവും ആകാശത്തിൽനിന്നു പെയ്യുകയും അവിടേയ്ക്കു മടങ്ങാതെ വിതപ്പാൻ വിത്തും, തിന്മാൻ ആഹാരം നൽകത്തക്കവിധം ഭൂമിയെ നനച്ച് ഫലവത്താക്കി വിളയിക്കുന്നതുപോലെ എന്റെ വായിൽ നിന്ന് പുറപ്പെടുന്ന എന്റെ വചനമായിരിക്കും. അതു വെറുതെ എന്റെ അടുക്കലേയ്ക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കു കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും."**

അനേകവർഷങ്ങൾക്കു മുമ്പ് ഞാൻ റ്റോൺസിലിറ്റിസ് എന്നു വച്ചാൽ തൊണ്ടയുടെ അസുഖത്താൽ ഭാരപ്പെട്ടു. വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും ഈ രോഗം എനിക്കുണ്ടാകുമായിരുന്നു. അതുണ്ടായാൽ ഒരാഴ്ചയെങ്കിലും ആഹാരം കഴിക്കുവാനോ, വെള്ളം കുടിക്കുവാനോ പ്രയാ

സമായിരിക്കും. രാത്രി മുഴുവൻ പനിയായിട്ട് എഴുന്നേറ്റിരിക്കും. ഉണങ്ങി വരണ്ട തൊണ്ടയുമായി എന്തു ചെയ്യണമെന്നറിയാതെ അവിടെയും ഇവിടെയും മുറിയിൽ നടക്കും. മരുന്നുകൾ കൊണ്ട് അവയ്ക്ക് ശമനം വരുത്തുവാൻ കഴിഞ്ഞില്ല. അലർജി നിമിത്തമാണ് ഇതുണ്ടാകുന്നതെന്ന് എന്നെ പഠിപ്പിക്കുന്ന ഡോക്ടർമാർ പറയുമായിരുന്നു. 1992-ൽ തൊണ്ടയുടെ ഈ രോഗത്താൽ ഞാൻ വളരെ ഭാരപ്പെട്ടു. എനിക്കു ചെയ്യാവുന്നതൊക്കെയും ഞാൻ ചെയ്തു. മരുന്നു കഴിച്ചു, ആത്മാർത്ഥയോടെ പ്രാർത്ഥിച്ചു. വിശ്വാസ ജീവിതത്തിന്റെ പ്രാരംഭ വേരുകൾ പൊടിക്കുന്ന അവസരങ്ങളായിരുന്നു ആ നാളുകൾ. ക്രിസ്തീയ റേഡിയോ പ്രഭാഷണങ്ങൾ ഞാൻ ആ നാളുകളിൽ വളരെ കേൾക്കുമായിരുന്നു. ഒരു സന്ധ്യയിൽ ഇങ്ങനെ രോഗത്താൽ തീരെ ക്ഷീണിച്ചിരിക്കുമ്പോൾ ഒരു സുവിശേഷകന്റെ പ്രസംഗം ഉൾക്കൊള്ളുന്ന കാസറ്റ് കേൾക്കാനിടയായി. ഏകദേശം പത്തു വർഷം മുൻപ് ഒരു വലിയ ക്രൂസെഡിൽ ആയിരക്കണക്കിന് ജനത്തിന് മുൻപിൽ പ്രസംഗിച്ച ഒരു ദൂതായിരുന്നു ഇത്. "ജീവനുള്ള കല്ലും വിജയവും" എന്നായിരുന്നു പ്രസംഗത്തിന്റെ വിഷയം. ദൂതിന്റെ അവസാനം ആൾക്കൂട്ടത്തിൽ നിന്ന് രോഗസൗഖ്യം ആവശ്യമായിരിക്കുന്നവർ മുമ്പോട്ടുവരാനുള്ള ആഹ്വാനം കൊടുക്കുകയുണ്ടായി. ആ സമയം ഞാൻ എന്നോടു തന്നെ ഇങ്ങനെ പറഞ്ഞു. "ഈ കാസറ്റ് വളരെ വർഷങ്ങൾക്കു മുൻപ് റെക്കോർഡ് ചെയ്തതായിരിക്കുന്നു എന്നുള്ള കാര്യം വാസ്തവം തന്നെ. എന്നാൽ അത്ഭുതകരമായ രോഗസൗഖ്യം ദൈവം അന്നു കൊടുത്തെങ്കിൽ ഇന്നും അത് ചെയ്യുവാൻ അവൻ ശക്തനാണ്." രോഗികളായവർ അവരുടെ ശരീരത്തിൽ രോഗമുള്ള സ്ഥാനത്ത് അവരുടെ കൈകൾ വയ്ക്കുവാനായി ശുശ്രൂഷിക്കുന്ന കർത്തൃദാസൻ പറഞ്ഞുകൊണ്ടിരുന്നു. പെട്ടെന്ന് ഞാനെന്റെ തൊണ്ടയുടെ ഭാഗത്ത് കൈകൾ വച്ചുകൊണ്ട് ദൈവത്തോടു ഇപ്രകാരകം കരഞ്ഞു പ്രാർത്ഥിച്ചു. "ദയ തോന്നി എന്നെ സൗഖ്യമാക്കണമേ." യേശുവിന്റെ നാമത്തിൽ സൗഖ്യമാകുക ! എന്ന് സുവിശേഷകൻ പറഞ്ഞതായ അവസരത്തിൽ വലിയൊരു തേജസ് എന്റെ മേൽ വന്നു. ഉടൻ തന്നെ എന്റെ എല്ലാ വേദനകളും മാറി. പൂർണ്ണ സൗഖ്യം ഞാൻ പ്രാപിച്ചു. ദൈവത്തിനു മഹത്വം. കർത്താവിനു സ്തോത്രം. ഹാലേലുയ്യ! കർത്താവ് എന്റെ തൊണ്ടയെ സൗഖ്യമാക്കിയിട്ട് ഇപ്പോൾ 22 വർഷമായി. മുൻപ് അനുഭവിച്ച് രോഗം ഇതുവരെ ഒരിക്കലും അനുഭവിച്ചിട്ടില്ല. ദൈവത്തിനു മഹത്വം ഈ സാക്ഷ്യം ഞാൻ പറഞ്ഞത് എന്തുനുവേണ്ടിയാണെന്നറിയാമോ? ഞാൻ വചനം കേട്ട് പ്രാർത്ഥിച്ചപ്പോൾ സൗഖ്യം പ്രാപിച്ചതുപോലെ ഇന്നു നിങ്ങൾക്കും സൗഖ്യം പ്രാപിക്കാം. സൗഖ്യം നിങ്ങളുടെ അവകാശമാണ്. അത് ഇന്നു നിങ്ങൾ പ്രാപിക്കണം. രോഗസൗഖ്യത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വാഗ്ദത്തം ഏശയ്യാവിന്റെ പ്രവചനം 53-ാം അദ്ധ്യായം നാലും അഞ്ചും വാക്യങ്ങളിൽ നാം

വായിക്കുന്നു.

**"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദന കളെ അവൻ ചുമന്നു. നാമോ ദൈവമവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡി പ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമ ങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു."**

അതേ, യേശു നിങ്ങളുടെ രോഗങ്ങളെ തന്റെ മേൽ വഹിച്ചു. യേശു നിങ്ങളുടെ വേദനകളെ തന്റെ മേൽ ചുമന്നു. യേശു നിങ്ങളുടെ അതിക്രമ ങ്ങൾ നിമിത്തം മുറിവേറ്റു. യേശു നിങ്ങളുടെ അകൃത്യങ്ങൾ നിമിത്തം തകർന്നു. നിങ്ങളുടെ സമാധാനത്തിനായുള്ള ശിക്ഷ യേശുവിന്റെ മേൽ ആയി. വിശ്വസിച്ച് ഈ വചനങ്ങൾ ഏറ്റു പറയുമ്പോൾ തന്നെ നിങ്ങൾക്ക് ആശ്വാസവും രോഗസൗഖ്യവും സമാധാനവും സന്തോഷവും അനുഭവി ക്കാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. എബ്രായർ ലേഖനം 13ന്റെ 8-ൽ വചനം പറയുന്നു.

**"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യൻ തന്നെ."**

അവൻ ഇന്നും ഒരു മാറ്റമില്ല. അവൻ സൗഖ്യദായകനാണ്. അവൻ വിടു വിക്കുന്നവനാണ്. 1996-ൽ മൂന്നു മാസത്തേയ്ക്ക് ഞാൻ രോഗത്താൽ വളരെ ഭാരപ്പെട്ടു. നെഞ്ചിനകത്തു വേദന, വിമ്മിഷ്ട്ടം, നെഞ്ചെരിച്ചിൽ, വയറ്റിൽ എരിച്ചിൽ, ചില മണങ്ങൾ ശ്വസിക്കുമ്പോൾ വല്ലാത്ത പ്രയാസവും. അനേക രാത്രികൾ വേദന നിമിത്തം ഉറക്കമില്ലാതെ ഞാൻ ഭാരപ്പെട്ടു. ജോലി ചെയ്യാൻ പ്രയാസം. വചനം ശുശ്രൂഷിക്കാൻ ബുദ്ധിമുട്ട്. വളരെ കഷ്ടത. മരുന്നുകൾ കഴിക്കുമ്പോൾ അല്പം ആശ്വാസം ലഭിക്കുമെങ്കിലും പിന്നെയും പ്രയാസം വർദ്ധിച്ചു വരും. ഞാൻ പ്രാർത്ഥിച്ചു ഉപവസിച്ചു എങ്കിലും സൗഖ്യ മില്ലാതെ വലഞ്ഞു. ഒരു മാസം കഴിഞ്ഞപ്പോൾ ഒരു രാത്രി പ്രാർത്ഥിച്ചപ്പോൾ കർത്താവ് എനിക്കൊരു വാഗ്ദത്തം തന്നു. മൂന്നു മാസം കഴിയുമ്പോൾ ഞാൻ നിന്നെ പൂർണമായിട്ടും വിടുവിക്കും. പൂർണമായിട്ടും സൗഖ്യമാക്കും. വാഗ്ദത്തം പ്രാപിച്ച എനിക്ക് എങ്ങനെയെങ്കിലും അടുത്ത രണ്ടു മാസം പെട്ടെന്നു തീരണം എന്നു മാത്രമേ ഉള്ളായിരുന്നു ആഗ്രഹം. സെപ്റ്റംബർ 16-ന് രോഗം തുടങ്ങി, ഞാൻ ഡിസംബർ 16ന് വേണ്ടി കാത്തിരുന്നു. ഞാൻ കർത്താവിനോട് അന്ന് ഇങ്ങനെ പറയുമായിരുന്നു. "കർത്താവേ നിന്റെ വാഗ്ദത്തം ഓർക്കണം. ഡിസംബർ 16ന് നീ എന്നെ വിടുവിക്കണം." രണ്ടു മാസം വളരെ പ്രയാസത്തോടെ കഴിച്ചു കൂട്ടി. അങ്ങനെ ആകാംഷയോടെ കാത്തിരുന്ന ഡിസംബർ 16 വന്നെങ്കിലും സൗഖ്യം ഞാൻ പ്രാപിച്ചില്ല. ഡിസം

ബർ 17നു ഞാൻ കർത്താവിനോട് വാദിച്ചു. " കർത്താവേ, നീ പറഞ്ഞ 3 മാസം എന്ന്." പിന്നെ ഇങ്ങനെ എന്ത്? അന്നു രാത്രിയിൽ കർത്താവ് എന്നോട് ഇങ്ങനെ പറഞ്ഞു."ഈ മൂന്നു മാസം രോഗം ബാധിച്ചിരുന്നപ്പോൾ നീ എന്നെ സ്തുതിക്കുവാൻ മറന്നു പോയി. ഉള്ളം കൊണ്ടു നീ സ്തുതിച്ചില്ല." സമയം പാഴാക്കാതെ അന്നു രാത്രിയിൽ ഏകദേശം 11 മണി മുതൽ ഞാൻ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. എല്ലാത്തിനും സ്തോത്രം ചെയ്തു. സ്തുതിച്ച് എപ്പോൾ ഉറക്കത്തിലായി എന്നു ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. പക്ഷെ പ്രഭാതത്തിൽ ഞാൻ എഴുന്നേറ്റപ്പോൾ പൂർണ സൗഖ്യത്തോടെ ആയിരുന്നു എഴുന്നേറ്റ് വന്നത്.

147-ാം സങ്കീർത്തനത്തിൽ മൂന്നാം വാക്യത്തിൽ സങ്കീർത്തനക്കാരൻ ഇങ്ങനെ പാടിയിരിക്കുന്നു.

**"മനം തകർന്നവരെ അവൻ സൗഖ്യമാക്കും. അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു."**

നിങ്ങളുടെ മനസ്സ് തകർന്നിരിക്കുകയാണോ. മനുഷ്യരാൽ പരിഹരിക്കാൻ പെടാത്ത പ്രയാസം നിങ്ങളെ പിടികൂടിയിട്ടുണ്ടോ? ലൂക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായം 11-ാം വാക്യം മുതൽ നാം ഇങ്ങനെ വായിക്കുന്നു.

**"പിറ്റേനാൾ അവൻ നയിൻ എന്ന പട്ടണത്തിലേക്ക് പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും അവന്റെ കൂടെ പോയി. അവൻ പട്ടണത്തിന്റെ വാതിലിനോടടുക്കുമ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്ത് കൊണ്ടു വരുന്നു. അവൻ അമ്മയ്ക്ക് ഏകജാതനായ മകൻ. അവളോ വിധവയായിരുന്നു. അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞ് അവളോട് കരയേണ്ട എന്നു പറഞ്ഞു."**

ഇന്ന് നിങ്ങൾ അനുഭവിക്കുന്ന മാനസിക വേദനയിൽ യേശു നിങ്ങൾക്ക് സാന്ത്വനം നൽകും. അവൻ ഇങ്ങനെ പറയുന്നു...

**"സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ച് പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കുകയും അരുത്." (യോഹന്നാൻ. 14 :27)**

അപ്പോസ്തോലനായ പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം 4ാം അദ്ധ്യായത്തിൽ 6, 7 വാക്യത്തിൽ ഇങ്ങനെ പറയുന്നു...

**"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാററിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുക**

**ളെയും ക്രിസ്തുയേശുവിൽ കാക്കും."**

യേശു നിങ്ങളുടെ മനസ്സിനെ സൗഖ്യമാക്കും. നിങ്ങളുടെ മുറിവുകളെ അവൻ കെട്ടും. അത് അവന്റെ വാഗ്ദത്വമാണ്.

ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു.

**നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്നിലും വിശ്വസിപ്പിൻ. (യോഹന്നാൻ 14:1).**

അതേ! യേശുവിൽ വിശ്വസിക്ക. പിതാവായ ദൈവത്തിൽ വിശ്വസിക്ക. അവന്റെ വചനത്തിൽ വിശ്വസിക്കുക. അത് വിടുതലാണ്.

എന്റെ ഭാര്യ യേശുക്രിസ്തുവിങ്കലേക്ക് അടുക്കുവാനുള്ള മുഖാന്തരം അവൾക്ക് കർത്താവിൽ നിന്ന് ലഭിച്ച രോഗസൗഖ്യമായിരുന്നു. അവളുടെ ജീവിതത്തിന്റെ ആദ്യകാലം മുതൽ ദൈവത്തിന്റെ നന്മയും സ്നേഹവും അവൾ വളരെ രുചിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. ചെറുപ്രായത്തിൽതന്നെ കർത്താവ് അവളുടെ ഹൃദയത്തിൽ വലിയ സമാധാനം നൽകിയിരുന്നു. അവളുടെ ജീവിതത്തിൽ പ്രകടമാക്കുന്ന ഈ വലിയ സമാധാനത്തിന്റെ ഉറവിടം എന്തെന്നറിയുവാൻ പലപ്പോഴും കർത്താവിനോട് ഇങ്ങനെ ചോദിക്കുമായിരുന്നു. "ഞാൻ അനുഭവിക്കുന്ന സമാധാനം മറ്റുള്ളവർക്ക് ലഭിക്കാത്തതെന്ത്? ഈ ലോകത്തിന്റെ ഒക്കെ പിന്നിൽ എന്ത് ഉദ്ദേശ്യമാണ് ഉള്ളത്." നിരന്തരമായിട്ടുള്ള ചോദ്യത്തിന്റെ ഒക്കെ ഉത്തരമായിട്ട് ദൈവം തന്റെ നല്ല കരം അവളുടെ ജീവിതത്തിൽ നിന്ന് മാറ്റിയാൽ എന്ത് സംഭവിക്കും എന്ന് അവളെ കാണിക്കുവാൻ തീരുമാനിച്ചു. 1983 മാർച്ച് മാസം 13-ാം തീയതി തികച്ചും അപ്രതീക്ഷിതമായി തന്നെ അവളുടെ മാതാവ് പെട്ടെന്ന് അസുഖത്താൽ പിടിക്കപ്പെട്ടു. അതുവരെ വളരെ അനുഗ്രഹത്താൽ മുൻപോട്ട് പൊയ്ക്കൊണ്ടിരുന്ന അവളുടെ ജീവിതം തലകീഴായി മറിയുവാൻ തുടങ്ങി. സംഗതികളൊക്കെയും പൂർവ്വ സ്ഥിതിയിലേക്ക് മടങ്ങിവരും എന്ന് അവൾ പ്രതീക്ഷിച്ചു. എങ്കിലും അവൾക്ക് തെറ്റുപറ്റുകയാണ് ഉണ്ടായത്. ഓരോന്നായിട്ട് സാഹചര്യങ്ങൾ വഷളായിക്കൊണ്ടിരുന്നു. അവൾ സ്വർഗ്ഗീയ പിതാവിനോട് നിലവിളിച്ചു. എന്നാൽ അവൻ മിണ്ടാതെയിരുന്നു. ഓരോ പുതിയ ദിവസവും വലിയ വേദനകൾ കൊണ്ടുവന്നു. ആശയറ്റവളായി അവൾ തീർന്നു. അവളുടെ മനോബലം സ്ഥിതിലമായി. അവളുടെ പ്രാർത്ഥന ഇനി ഒരിക്കലും അവന്റെ അടുക്കൽ എത്തില്ല എന്ന് അവൾ കരുതി. അവൾക്ക് ഒട്ടുമേ ഉറങ്ങുവാൻ കഴിഞ്ഞിരുന്നില്ല. സമാധാനം അവളെ വിട്ടുപോയിരുന്നു. നിരന്തരമായിട്ടുള്ള തലവേദനയാൽ അവൾ ഭാരപ്പെടുവാൻ തുടങ്ങി. ഇത് അവളുടെമേൽ ഉള്ള ദൈവകോപമാണോ എന്ന് അവൾ ചിന്തിച്ചു. ദൈവസന്നിധിയിൽ അവളുടെ ജീവിതം പാപപങ്കിലമാണോ എന്ന് അവൾ തന്നോടു തന്നെ ചോദിച്ചു. എന്തുകൊണ്ടവൻ മറുപടി നൽകുന്നി

ല്ല. എന്തുകൊണ്ടവൻ ഇതെല്ലാം സമ്മതിക്കുന്നു എന്നവൾ ചിന്തിച്ചു. മരുന്നുകൾ കഴിച്ചിട്ടു തലവേദനയ്ക്ക് ഒരു മാറ്റവും വന്നിരുന്നില്ല. ശിരസിന്റെ ഇരുവശങ്ങളും സ്പന്ദിക്കുവാൻ തുടങ്ങി. കഴിക്കുന്ന ആഹാരം ദിവസേന ഛർദിച്ചു കളഞ്ഞിരുന്നു. ഈ കഷ്ടതകളുടെ നടുവിലും അവളുടെ പഠനത്തിലും അവൾക്ക് ശ്രദ്ധകേന്ദ്രീകരിക്കേണ്ടി ഉണ്ടായിരുന്നു. അത് വളരെ പ്രയാസമായി തീർന്നു. ഒരു സായാഹ്നത്തിൽ ഒരു കൂട്ടുകാരി അവളെ കളിക്കുവാൻ വിളിച്ചു. തീരെ ക്ഷീണിച്ചും വേദനയിലുമായിരുന്നവൾ തന്നോടു തന്നെ ഇപ്രകാരം പറഞ്ഞു. "ഞാൻ ഇന്നു കളിച്ചിട്ടു മരിക്കും." രണ്ടു മണിക്കൂർ തുടർച്ചയായി അവൾ ബാറ്റ്മിന്റൻ കളിച്ചു. കളിച്ച ശേഷം അവളുടെ അവസ്ഥ ഗുരുതരമായി. ശരിയായി ശ്വാസോച്ഛ്വാസം ചെയ്യുവാൻ കഴിഞ്ഞില്ല. സംസാരിക്കുവാൻ പോലും വയ്യ. ഏത് സമയത്തും തല പൊട്ടിപ്പോകുമെന്ന് അവൾക്കു തോന്നി. ചുറ്റുമെല്ലാം അന്ധകാരമായി മാറുന്നതായി അവൾക്ക് തോന്നി. ഫ്ളാറ്റിലേയ്ക്കുള്ള പടവുകൾ കേറുവാനായി അവൾ ബദ്ധപ്പെട്ടു. ഭിത്തികളിൽ കൈപിടിച്ച് മുകളിലേയ്ക്കുള്ള ഫ്ളാറ്റിലേയ്ക്ക് ഒരു വിധത്തിൽ കയറിപ്പറ്റി. മുറിയിലേയ്ക്ക് പ്രവേശിച്ച്, കിടക്കയിലേയ്ക്കു വീണു. ഏതു നേരത്തും മരണം പ്രതീക്ഷിച്ചുകൊണ്ട് അവിടെ കിടന്നുകൊണ്ട് തന്നെ അവസാനമായി ഒരു നിമിഷം ദൈവത്തിന്റെ മുഖത്തേയ്ക്ക് നോക്കുവാൻ തിരിഞ്ഞു. അവളുടെ മനസിൽ അവൾ ഇങ്ങനെ പറഞ്ഞു. "ദൈവം എന്നെ ഇപ്പോൾ സൗഖ്യമാക്കുകയാണെങ്കിൽ അവൻ ജീവിക്കുന്നുവെന്ന് ഞാൻ തീർച്ചയായും അറിയും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവനെക്കുറിച്ച് അറിഞ്ഞതൊക്കെയും കള്ളമാണ് എന്ന് ഞാൻ അറിയും." അവളുടെ അവസാന നിമിഷങ്ങളാണ് എന്ന് അവൾ കരുതി നിശ്ചലമായി കിടന്നു. അങ്ങനെ കിടക്കുമ്പോൾ ഒരു പുതിയ നിയമം അടുത്ത് കിടക്കുന്നത് അവളുടെ ശ്രദ്ധയിൽ വന്നു. കൈ നീട്ടി അത് അവൾ തുറന്നു. അവളുടെ വിരൽ തൊട്ടതായ വാക്യം അവൾ ശ്രദ്ധിച്ചു. അത് ഇപ്രകാരമായിരുന്നു.

**"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും."** (യോഹന്നാൻ 14 : 18)

പരിഹാസമായി അവൾ ചിരിച്ചു. അത് അവളെ ക്ഷുപിതയാക്കി. കാരണം കഴിഞ്ഞ ദിവസങ്ങളൊക്കെയും ഒരു സൗഖ്യത്തിനുവേണ്ടി അവൾ പ്രാർഥിച്ചുകൊണ്ടിരുന്നു. എന്നാൽ അത് അവൾക്ക് ലഭിച്ചില്ല. അങ്ങനെ ഇരിക്കുമ്പോൾ ഈ വാക്യം ഇങ്ങനെ പറയുന്നു. വേറെയൊരു വാക്യത്തിലേയ്ക്കു അവളുടെ ശ്രദ്ധ പതിഞ്ഞു. **"നിങ്ങൾ എന്റെ നാമത്തിൽ എന്നോടു യാചിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും."(യോഹന്നാൻ 14:14)**.

ആ സമയം അവൾ ആവോളം ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. എന്റെ

നാമത്തിൽ? ആരുടെ നാമത്തിലാകും ഈ വാഗ്ദത്തം എന്ന് അവൾ ഹൃദയത്തിൽ ചിന്തിച്ചു. അതിന്റെ മുകളിൽ ചില വാക്യങ്ങൾ ശ്രദ്ധിച്ചപ്പോൾ ദൈവപുത്രൻ യേശുവാണ് ഈ കാര്യങ്ങൾ പറഞ്ഞത് എന്ന് കാണുവാൻ കഴിഞ്ഞു. ഇതിനു മുൻപ് അവൾ ദൈവത്തോട് പ്രാർത്ഥിച്ച പ്രാർത്ഥനകളിലൊന്നും യേശുവിന്റെ നാമം അവൾ ഉദ്ധരിച്ചിരുന്നില്ല എന്ന് അവൾക്കു മനസിലായി. ഒരു പുതിയ പ്രത്യാശ അവളിൽ ഉളവായി. യേശു പറയുന്നു. അവന്റെ നാമത്തിൽ എന്തു യാചിച്ചാലും അത് അവൻ ചെയ്തുതരും. “കർത്താവായ യേശുവേ, എന്റെ ശരീരത്തിനും മനസിനും സൗഖ്യം ആവശ്യമാണ് എന്ന് അവൾ നിലവിളിച്ചു. ഈ തലവേദന ഇപ്പോൾ തന്നെ വിട്ടു മാറണം. ഒട്ടും എനിക്ക് സഹിക്കാൻ പറ്റുന്നില്ല എന്ന് അവൾ നിലവിളിച്ച് യേശുവിന്റെ നാമത്തിൽ സ്വർഗീയ പിതാവിനോട് യാചിച്ചു.” പിന്നെ അവൾ പറഞ്ഞു “എന്നാൽ ചെയ്യേണ്ടതൊക്കെയും ഞാൻ ചെയ്തിരിക്കുന്നു. ഇനിയും നിന്റെ പ്രവൃത്തി വെളിപ്പെടുത്തേണമേ. നിമിഷങ്ങൾ അവൾ എണ്ണുവാൻ തുടങ്ങി. ഏതാനും 5 വരെ എണ്ണിയപ്പോൾ പെട്ടെന്ന് തലയുടെ വലതുവശത്തായി ഒരു ശബ്ദം കേൾക്കുകയുണ്ടായി. അതോടെ അവളുടെ തലവേദന മാറിപ്പോവുകയും ചെയ്തു. ശരീരത്തിനും മനസിലും വലിയ മാറ്റം പെട്ടെന്ന് വന്നു. പുതിയ ശക്തി അവളുടെ ഉള്ളിൽ പകർന്നതായി അവൾ അനുഭവിച്ചു. അവനോടുള്ള നന്ദിയാൽ അവളുടെ ഹൃദയം നിറഞ്ഞു. അവൾ ദൈവത്തെ സ്തുതിച്ചു. സ്തോത്രം ചെയ്തു. ആ സായാഹ്ന സന്ധ്യയിൽ തന്നെ അവൾ യേശുവിനെ തന്റെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. അങ്ങനെ അന്ന് ഒരു വലിയ സത്യം മനസിലാക്കുവാൻ അവൾക്കു കഴിഞ്ഞു. രാജാധിരാജനും കർത്താധി കർത്തനുമായ യേശുക്രിസ്തു വാസ്തവമായി ജീവിക്കുന്നു. അവളുടെ രോഗാവസ്ഥയിൽ നഷ്ടമായതൊക്കെയും അവൾ യേശുവിന്റെ നാമത്തിൽ പിതാവിനോട് യാചിച്ചപ്പോൾ കർത്താവ് അതെല്ലാം അവൾക്ക് വരും ദിവസങ്ങളിൽ മടക്കി കൊടുത്തു.

ഇന്നും യേശുവിന്റെ നാമത്തിൽ വിടുതലുണ്ട്. നിങ്ങളുടെ രോഗത്തിന് സൗഖ്യമുണ്ട്. സഹോദരാ, സഹോദരി യേശുവിന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് യാചിക്കുന്നതൊക്കെയും കർത്താവ് നിങ്ങൾക്കു തരും, എന്നാണ് അവന്റെ വാഗ്ദത്തം.

മർക്കോസിന്റെ സുവിശേഷത്തിൽ പത്താം അദ്ധ്യായം 41-ാം വാക്യം മുതൽ നാം ഇങ്ങനെ വായിക്കുന്നു.

**“പിന്നെ അവൻ ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടും കൂടെ യരീഹോവിൽ നിന്ന് പുറപ്പെടുമ്പോൾ തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഭിക്ഷക്കാരൻ വഴിയരികിൽ ഇരുന്നിരുന്നു. നസ്രായനായ യേശു എന്ന് കേട്ടിട്ട് അവൻ ദാവീദ്പുത്രാ, യേശുവേ എന്നോട്**

**കരുണ തോന്നേണമേ എന്ന് നിലവിളിച്ചു തുടങ്ങി. മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും ദാവീദ്പുത്രാ എന്നോട് കരുണ തോന്നേണമേ എന്ന് അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു. അവനെ വിളിപ്പീൻ എന്ന് പറഞ്ഞു. അവൻ യേശുവിന്റെ അടുക്കൽ വന്നപ്പോൾ, ഞാൻ നിനക്ക് എന്ത് ചെയ്തു തരേണം എന്നു നീ ഇച്ഛിക്കുന്നുവോ എന്ന് ചോദിച്ചതിന്, റബ്ബൂനി എനിക്ക് കാഴ്ച പ്രാപിക്കണം എന്ന് കുരുടൻ അവനോടു പറഞ്ഞു. യേശു അവനോടു, പോകുക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടൻ അവൻ കാഴ്ച പ്രാപിച്ചു. യാത്രയിൽ അവനെ അനുഗമിച്ചു."**

രോഗസൗഖ്യത്തിനായി നിങ്ങൾ യേശുവിനോട് യാചിക്കുമ്പോൾ പലരും നിങ്ങളെ ആക്ഷേപിച്ചേക്കാം. ഇതിലൊന്നും അർത്ഥമില്ല എന്നു പറഞ്ഞേക്കാം. അതൊന്നും കാര്യമാക്കരുത്. ഈ കുരുടൻ നിലവിളിച്ചതുപോലെ കർത്താവിനോട് നിലവിളിക്കുക. കരുണാമയനായ കർത്താവ് നിങ്ങളുടെ വിശ്വാസത്തെ മാനിക്കും. സൗഖ്യത്തിന്റെ വാഗ്ദത്തങ്ങൾ നിങ്ങൾ വായിച്ചുവല്ലോ. അത് ഉറച്ചു നിങ്ങൾ വിശ്വസിക്കുക.

**നിങ്ങൾ ഇന്ന് രോഗത്താൽ ഭാരപ്പെടുന്നുവെങ്കിൽ ഈ പ്രാർത്ഥന പ്രാർത്ഥിക്കുക.**

പ്രാർത്ഥന

**"പരിശുദ്ധനായ ദൈവമേ സ്വർഗീയ പിതാവേ, നിന്റെ പൈതലാകുന്ന ഞാൻ നിന്റെ വചനത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് ഇന്ന് നിന്നോട് പ്രാർത്ഥിക്കുന്ന ഈ പ്രാർത്ഥന നീ കൈക്കൊണ്ട് എന്നെ സൗഖ്യമാക്കേണമേ. എന്റെ ജീവിതത്തിൽ നിനക്ക് ഇഷ്ടമില്ലാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ എന്നോട് ക്ഷമിക്കേണമേ. നീ എന്നെ സൗഖ്യമാക്കുന്ന ദൈവം എന്ന് ഞാൻ വിശ്വസിക്കുന്നു. നീ എന്റെ സകല രോഗങ്ങളും സൗഖ്യമാക്കുവാൻ ശക്തനാണെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ വചനത്തെ അയച്ച് എന്നെ ഇപ്പോൾ തന്നെ സൗഖ്യമാക്കേണമേ. എന്റെ മുറിവുകളെ കെട്ടി എന്റെ തകർന്നിരിക്കുന്ന മനസിന് സൗഖ്യം നൽകേണമെ. നിന്റെ ദയ, സ്നേഹം, കരുണ, ദീർഘക്ഷമ വലുതായിരിക്കുകയാൽ ഇന്ന് എന്നെ സൗഖ്യമാക്കി നിന്നെതന്നെ മഹത്വീകരിക്കേണമേ. സൗഖ്യം തന്നതിനായിട്ട് സ്തോത്രം. യേശുവിന്റെ നാമത്തിൽ തന്നെ. ആമേൻ."**

38 വർഷം ബേഥെസ്ദ കുളക്കരയിൽ കിടന്ന മനുഷ്യനെ യേശു സൗഖ്യമാക്കിയതിനു ശേഷം അവനോട് ഇങ്ങനെ പറഞ്ഞു.

**"നോക്കൂ, നിനക്ക് സൗഖ്യമായല്ലോ, അധികം തിന്മയായതു ഭവിക്കാതിരിക്കാൻ ഇനിയും പാപം ചെയ്യരുത്."**

കർത്താവിന്റെ സന്നിധിയിൽ വിശ്വസ്തതയോടെയും വിശുദ്ധിയോടെയും ജീവിക്കുന്നത് വളരെ പ്രാധാന്യമേറിയ കാര്യങ്ങളാണ്.

രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടണം എന്ന ദൈവ കല്പനയാകയാൽ വെള്ളത്തിൽ നിമജ്ഞന സ്നാനം നിങ്ങൾ ഏൽക്കണം. ആത്മാവിലും സത്യത്തിലും കർത്താവിനെ ആരാധിക്കണം. വചനപ്രകാരമുള്ള വിശ്ദ്ധ ജീവിതം നയിക്കണം. പരിശുദ്ധാത്മാവ് നിറഞ്ഞവരായി വേർപാട് ആച രിച്ച് കർത്താവിന്റെ മേശയിൽ പങ്കാളികളായി ദൈവവചനം നിരന്തരമായി ധ്യാനിക്കണം. പ്രാർഥനയ്ക്കും ഉപവാസത്തിനും നിങ്ങളുടെ ജീവിതത്തിൽ പ്രാധാന്യം കൊടുക്കണം. ദൈവമായ കർത്താവ് നിങ്ങളെ ഏവരെയും സഹായിക്കുമാറാകട്ടെ.

ഭവനങ്ങളിൽ, സമൂഹത്തിൽ, ദേശത്ത്, രാഷ്ട്രങ്ങളിൽ, രാജ്യങ്ങളിൽ സമാധാനം ഇല്ലാത്ത ഒരു അവസ്ഥയാണ് നാം ഇപ്പോൾ കാണുന്നത്. വീടു കളിൽ പ്രശ്നങ്ങൾ നൂറ് എങ്കിൽ ദേശത്ത് ആയിരവും രാജ്യത്തിൽ പതി നായിരവും അങ്ങനെ വർദ്ധിച്ചു വർദ്ധിച്ചു വരുന്ന ഗതിയാണ്. ഈ പ്രശ്ന ങ്ങൾക്ക് മധ്യേ സ്വർഗത്തിലെ ദൈവം തന്റെ മക്കൾക്ക്

**“സർവ ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നൽകുന്നു.”**

1998 ൽ ഓഗസ്റ്റ് മാസത്തിൽ ഒരു ഞായറാഴ്ച ആരാധന കഴിഞ്ഞ് ഭവന ത്തിലേയ്ക്കു മടങ്ങി വരുമ്പോൾ, മദ്യപിച്ച് വാഹനം ഓടിച്ച ഒരു വ്യക്തി, പിന്നിൽ നിന്ന് ഞങ്ങളുടെ വാഹനത്തെ ഇടിച്ചു. വാഹനം ഞാൻ ഓടിച്ചു കൊണ്ടിരിക്കുമ്പോൾ ആണിത് സംഭവിച്ചത്. പിന്നിൽ നിന്ന് ഇടിച്ചതിന്റെ ശക്തി നിമിത്തം എന്റെ വാഹനത്തെ എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. വീടിന്റെ മതിലിൽ എന്റെ വാഹനം ഇടിക്കുമ്പോഴും ഉള്ളിൽ കർത്താവിന്റെ സമാധാനം ഉണ്ടായിരുന്നു. ദോഷം ഒന്നും വരികയില്ല എന്ന് എന്റെ മനസു പറഞ്ഞു. ശരീരത്തിന് ഞങ്ങൾക്ക് ആർക്കും ഒരു ദോഷവും വന്നില്ല. പോലീസ് കേസ് വേണ്ടാ എന്ന് ഇരുവശക്കാരും സമ്മതിച്ചു. എന്റെ വാഹനം നന്നാക്കി വർക്ക്ഷോപ്പിൽ നിന്നും പുറത്തുവരുന്നതുവരെ എനിക്കുണ്ടാ കുന്ന യാത്രാചെലവ് എല്ലാം ഞങ്ങളുടെ വാഹനത്തെ ഇടിച്ചിരുന്നവൻ ഏറ്റെ ടുക്കും എന്ന് തീരുമാനമായി. പക്ഷെ ചില ആഴ്ചകൾക്ക് ശേഷം യാത്രാ ചെലവ് തരാം എന്നു പറഞ്ഞ മറ്റെ വാഹനത്തിന്റെ ഉടമ ഒഴിവുകഴിവുകൾ പറഞ്ഞ് ഞങ്ങളെ ചതിച്ചു. എന്റെ വാഹനം നന്നാക്കാൻ 18000 രൂപാ ചെല വാകും എന്നുള്ള വർക്ക്ഷോപ്പ് എസ്റ്റിമേറ്റ് ഇൻഷുറൻസ് കമ്പനിയിൽ കൊടുത്തെങ്കിലും അവരുടെ കൈയിൽ നിന്നും ലഭിച്ച തുക 11,625 രൂപാ ആയിരുന്നു. ഒരോ മാസവും ക്ലിനിക്കിൽ ധാരാളം ചെലവുകൾ; പിന്നെ യാത്രാ ചെലവ്, ദൈനംദിന ചെലവുകൾ, ക്ഞ്ഞുങ്ങഴുടെ പഠിത്തം... എന്റെ മനസിൽ ഭയം ഉളവായി. ഈ ചെലവെല്ലാം എങ്ങനെ തരണം ചെയ്യും?

ഓരോ കാര്യത്തിനും വേണ്ടതായിട്ടുള്ള പണം എവിടെനിന്നുവരും. എങ്കിലും കർത്താവിന്റെ മന്ദമായ സ്വരം എപ്പോഴും മനസിൽ മുഴങ്ങിക്കൊണ്ടിരുന്നു.

**"നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. വിശ്വസിക്ക മാത്രം ചെയ്ക"**

മനുഷ്യരുടെ ചതിവിന്റെ മദ്ധ്യേ യേശുവിന്റെ വിശ്വസ്തത വെളിപ്പെട്ടു വന്നു.

ഓരോ സമയത്തും ആവശ്യമുള്ള പണം കർത്താവ് ഒരുക്കി ഞങ്ങളെ വീഴാതെവണ്ണം സൂക്ഷിച്ചു.

ഇന്നു നിങ്ങൾ അനുഭവിക്കുന്ന മനുഷ്യരുടെ ചതിവിന്റെ മദ്ധ്യേയും, ദൈവത്തിന്റെ വിശ്വസ്തത വെളിപ്പെട്ടുവരും. അവൻ ഇങ്ങനെ പറയുന്നു,

**"നീതിയെ അറിയുന്നവരും ഹൃദയത്തിൽ എന്റെ ന്യായപ്രമാണം ഉള്ള ജനവും ആയുള്ളോരെ, എന്റെ വാക്കു കേൾപ്പീൻ; നിങ്ങൾ മനുഷ്യരുടെ നിന്ദയെ ഭയപ്പെടരുത്; അവരുടെ ദൂഷണങ്ങളെ പേടിക്കുകയുമരുത്." (യെശയ്യാവ് 51:7)**

ബൈബിളിൽ, പഴയനിയമത്തിൽ, ദാനിയേലിന്റെ പ്രവചനത്തിൽ ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്ന മൂന്ന് എബ്രായബാലൻമാരെ രാജാവിന്റെ ബിംബത്തെ നമസ്കരിക്കാത്തതുകൊണ്ട്, എരിയുന്ന തീച്ചൂളയിലേയ്ക്ക് ബന്ധിക്കപ്പെട്ടവരായി എറിഞ്ഞു കളഞ്ഞു എന്നു നാം വായിക്കുന്നു. പക്ഷേ അവരെ അതിൽ എറിയുവാനായി കല്പന കൊടുത്ത നെബുഖദ് നേസർ രാജാവ് അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. അവൻ ഇങ്ങനെ പറഞ്ഞു.

**"നാലു പുരുഷന്മാർ കെട്ടഴിഞ്ഞു തീയിൽ നടക്കുന്നത് ഞാൻ കാണുന്നു; അവർക്ക് ഒരു കേടും തട്ടിയിട്ടില്ല; നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോട് ഒത്തിരിക്കുന്നു... " (ദാനിയേൽ 3:12)**

നിങ്ങൾ ശ്രദ്ധിച്ചുവോ? തീയിൽ നടകൊള്ളുന്ന എബ്രായ ബാലന്മാർ ഇപ്പോൾ ബന്ധിക്കപ്പെട്ടവരല്ല. അവർ കെട്ടഴിഞ്ഞവരായി തീയിൽ കർത്താവിനോടുകൂടെ നടന്നു. തീ അവർക്ക് ഒരു ദോഷവും ചെയ്തില്ല എന്ന് എഴുതിയിരിക്കുന്നു. തീയ്ക്കകത്തു നിന്ന് പുറത്തേയ്ക്കു വരുന്നതിനു മുമ്പു തന്നെ കർത്താവ് അവരുടെ കെട്ടുകൾ അഴിച്ചിരുന്നു.

യെശയ്യാ പ്രവാചകൻ ഇങ്ങനെ എഴുതിയിരിക്കുന്നു. **"നീതിയാൽ നീ സ്ഥിരമായി നിൽക്കും; നീ പീഡനത്തോട് അകന്നിരിക്കും; നിനക്ക് ഭയപ്പെടുവാനില്ലല്ലോ; ഭീഷണിയോട് നീ അകന്നിരിക്കും; അത് നിന്നോട് അടുത്തു വരികയില്ല." (യെശയ്യാവ് 54:14)**

യിസ്രായേലിന്റെ കാവൽക്കാരനായി യഹോവയായ ദൈവം യെഹസ്കേൽ പ്രവാചകനെ വിളിച്ചപ്പോൾ അവനോട് ഇങ്ങനെ പറഞ്ഞു.

**“ ഞാൻ നിന്റെ നെറ്റി തീക്കല്ലിനെക്കാൾ കടുപ്പമുള്ള വജ്രം പോലെ യാക്കിയിരിക്കുന്നു; അവർ മത്സരഗൃഹമെങ്കിലും നീ അവരെ പേടിക്ക രുത്; അവരുടെ നോട്ടം കണ്ടു ഭ്രമിക്കുകയും ചെയ്യരുത്.” (യെഹസ്കേൽ 3:9)**

സുവിശേഷ വേലയിൽ കർത്താവിന്റെ ദാസൻ, ദാസിമാരെ നിരുൽസാഹപ്പെടുത്തുവാൻ ശത്രു പലവിധത്തിലുള്ള തന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. മാനസികമായി തളർച്ച വന്നാൽ വേല ശക്തിയോടെ നടക്കുകയില്ല എന്ന് ശത്രുവിന് അറിയാവുന്നതുകൊണ്ട് അതിൽ അവൻ ഉറ്റിരിക്കുന്നു.

നെഹമ്യാവ് യെരുശലേമിന്റെ ഇടിഞ്ഞു കിടക്കുന്ന മതിലുകൾ പണിയുവാൻ തുടങ്ങിയപ്പോൾ അവന്റെ ശത്രുക്കൾ വന്ന് ഇങ്ങനെ പറഞ്ഞു: **“ഈ ദുർബലന്മാരായ യഹൂദന്മാർ എന്തു ചെയ്യുവാൻ പോകുന്നു? അവരെ സമ്മതിക്കുമോ അവർ യാഗം കഴിക്കുമോ? ഒരു ദിവസം കൊണ്ടു പണി തീർത്തുകളയുമോ? വെന്തു കിടക്കുന്ന ചണ്ടക്കൂമ്പാരങ്ങളിൽ നിന്ന് അവൻ കല്ല് ജീവിപ്പിക്കുമോ എന്നിങ്ങനെ തന്റെ സഹോദരന്മാരും ശമര്യാസൈന്യവും കേൾക്കെ പറഞ്ഞു.” (നെഹമ്യാവ് 4:2,3)**

ശത്രുവിന്റെ കൈപ്പേറിയ വാക്കുകൾ കേട്ട്, നെഹമ്യാവ് ദൈവത്തോടു വളരെ പ്രാർത്ഥിച്ച്, പണിയുന്ന മതിലിനെ രാവും പകലും കാവൽ ചെയ്തു. ശത്രു പിന്നെയും അവരെ ഭീഷണിപ്പെടുത്തിയപ്പോൾ നെഹമ്യാവ് സ്വർഗത്തിലെ ദൈവത്തിലാശ്രയിച്ച് ജനത്തോട് ഇങ്ങനെ പറഞ്ഞു. **“നിങ്ങൾ അവരെ പേടിക്കേണ്ട; വലിയവനും ഭയങ്കരനും ആയ കർത്താവിനെ ഓർത്തു നിങ്ങളുടെ സഹോദരന്മാർക്കും, പുത്രന്മാർക്കും പുത്രിമാർക്കും ഭാര്യമാർക്കും വീടുകൾക്കും വേണ്ടി പൊരുതുവിൻ....”**

**(നെഹമ്യാവ് 4:14)**

യാക്കോബിന്റെ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു...‘

**‘ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നിൽപ്പീൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.” (യാക്കോബ് 4:7)**

ഇന്നു നിങ്ങൾ ചെയ്യുന്ന സുവിശേഷ വേലയ്ക്കു തടസമുണ്ടോ? ഭയ**പ്പെടേണ്ട,** അതു മാറിപ്പോകും.

എല്ലാ തടസങ്ങളെയും മാറ്റാൻ കർത്താവ് ശക്തനാണ്. വിശുദ്ധിയോടും, വിശ്വസ്തതയോടും, വിശ്വാസത്തോടും കർത്താവിന്റെ സന്നിധിയിൽ നിന്നാൽ മതി. കർത്താവിന്റെ വാഗ്ദത്തം ഓർക്കുക...

**“ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല ....” (മത്തായി 16:18).**

കർത്താവിന്റെ ഒരു ദാസൻ ആഫ്രിക്കയിൽ കോംഗോം എന്ന സ്ഥലത്ത് സുവിശേഷീകരണത്തിനായി തന്റെ സ്നേഹിതന്മാരോടൊപ്പം പോയപ്പോൾ അവിടെ മനുഷ്യരെ തിന്നുന്ന കാട്ടു ജാതിക്കാരുണ്ടായിരുന്നു. സൈക്കിളിൽ ദാസന്മാർ വനത്തിൽകൂടി യാത്ര ചെയ്യുമ്പോൾ, കാട്ടുജാതിക്കാർ അവരുടെ പിന്നാലെ ഓടി അവരെ അമ്പുകൾ കൊണ്ടു വീഴ്ത്തുവാൻ ശ്രമിക്കും.

**"വെള്ളയിറച്ചി, വെള്ളയിറച്ചി"**എന്ന് അവർ ഉച്ചത്തിൽ ദാസന്മാരെ വിളിക്കും. ഈ കർത്താവിന്റെ ദാസൻ കോംഗോയിൽ പല കഷ്ടങ്ങൾ സഹിച്ചു. പല പ്രാവശ്യം മലമ്പനി നിമിത്തം മരിക്കാറായി. കർത്താവ് അത്ഭുതകരമായി വിടുവിച്ചു. ഈ കാട്ടുജാതികളുടെ മദ്ധ്യേ കർത്താവു തന്റെ ദാസനിൽ കൂടി അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവർത്തികളും ചെയ്തു. പല വർഷങ്ങളായി അദ്ധ്വാനിച്ചതിന്റെ ഫലമായി 28 സഭകൾ അവിടെ സ്ഥാപിക്കുവാൻ കർത്താവ് കൃപ നൽകി. ഇപ്പോൾ അവിടെ മനുഷ്യരെ തിന്നുന്ന കാട്ടുജാതികളൊന്നുമില്ല. ദൈവത്തിനു സ്തോത്രം.

അപ്പോസ്തോലനായ പൗലോസ് റോമിലേയ്ക്കു യാത്ര ചെയ്യുമ്പോൾ ഈശാനമൂലൻ കാറ്റിലകപ്പെട്ട്, കപ്പലും കപ്പലിലുള്ളവരും നശിച്ചുപോകുമെന്ന് എല്ലാവരും ധരിച്ചിരിക്കുമ്പോൾ സ്വർഗത്തിലെ ദൈവം തന്റെ ദാസനോട് ഇങ്ങനെ പറഞ്ഞു.

**"പൗലോസേ ഭയപ്പെടരുത്, നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു; നിന്നോടു കൂടെ യാത്ര ചെയ്യുന്നവരെയൊക്കെയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു ... (അപ്പോ.പ്രവ. 27:24)**

കർത്താവിന്റെ സ്നേഹം വലുതാണ്. അവൻ നമ്മുടെ വേദനകളും ഭാരങ്ങളും അറിയുന്നു. യിസ്രായേലിന്റെ രാജാവായ ദാവീദ് ഇങ്ങനെ പാടിയിരിക്കുന്നു.

**"യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു; അവൻ തന്റെ വിശുദ്ധ സ്വർഗത്തിൽ നിന്ന് തന്റെ വലങ്കൈയുടെ രക്ഷാകരമായ വീര്യപ്രവർത്തികളാൽ അവൻ ഉത്തരമരുളും."**

**(സങ്കീർത്തനം 20:6)**

എത്ര മനോഹരമായ വാക്യമാണിത്. ദാവീദിന് അനവധി ശത്രുക്കളുണ്ടായിരുന്നു. ഗോലിയാത്ത്, ശൗൽ, ഫെലിസ്ത്യർ, സ്വന്ത മകനായ അബ്ശാലോം ഇവരെല്ലാവരും ദാവീദിനെതിരെ വന്നെങ്കിലും സ്വർഗത്തിലെ ദൈവം ദാവീദിനെ എല്ലാ ശത്രുക്കളുടെ കൈയിൽ നിന്നും വിടുതൽ നൽകി. പതിനെട്ടാം സങ്കീർത്തനത്തിന്റെ തലക്കെട്ടിലാണത് വായിക്കുന്നത്. 34-ാം സങ്കീർത്തനം നാലാം വാക്യം ദാവീദ് ഇങ്ങനെ പാടുന്നു.

**"ഞാൻ യഹോവയോട് അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു."**

മറ്റുള്ളവർ നിങ്ങളുടെ എതിരെ ആഭിചാരം, മന്ത്രവാദം, ലക്ഷണവിദ്യ ചെയ്ത് നിങ്ങളെ നശിപ്പിക്കുമെന്ന് നിങ്ങളുടെ ഉള്ളിൽ ഭയം ഉണ്ടാകാം. മറ്റുള്ളവരുടെ ശാപവാക്കുകൾ നിങ്ങൾക്ക് ദോഷം ചെയ്യുമെന്ന് ഭയമുണ്ടാകാം.

ദൈവത്തിന്റെ വചനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

**"ആഭിചാരം യാക്കോബിനു പറ്റുകയില്ല; ലക്ഷണവിദ്യ യിസ്രായേലിനു ഫലിക്കുകയില്ല; ഇപ്പോൾ യാക്കോബിനെക്കുറിച്ചും യിസ്രായേലിനെക്കുറിച്ചും ദൈവം എന്തെല്ലാം പ്രവർത്തിച്ചിരിക്കുന്നു എന്നേ പറയാവൂ." (സംഖ്യാ പുസ്തകം 23:8)**

ഇവിടെ "യാക്കോബ്" എന്ന പദം ദൈവത്തിന്റെ ജനമാകുന്ന ഇസ്രായേൽ ജനത്തെപ്പറ്റിയാണ് എഴുതിയിരിക്കുന്നത്. ഈ ജനത്തിന്റെ ചില പ്രത്യേകതകൾ സംഖ്യാപുസ്തകം 23-ാം അദ്ധ്യായത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

1. അവർ യഹോവയായ ദൈവം അനുഗ്രഹിച്ചിരുന്ന ജനമായിരുന്നു (സംഖ്യാ 23:8).

2. യിസ്രായേൽ തനിച്ചു പാർക്കുന്നു എന്നു വച്ചാൽ വേർപാട് ആചരിക്കുന്ന ഒരു ജനം ആയിരുന്നു. (ജാതികളുടെ കൂട്ടത്തിൽ അവർ എണ്ണപ്പെടുന്നവരല്ലായിരുന്നു) (സംഖ്യാ 23:21).

3. അവരിൽ തിന്മ കാണുവാനില്ലായിരുന്നു (സംഖ്യാ 23:9)

4. അവരുടെ ദൈവമായ യഹോവ അവരോടു കൂടെ ഉണ്ടായിരുന്നു (സംഖ്യാ 23:21).

5. രാജകോലാഹലം (ആരാധന) അവരുടെ മദ്ധ്യേ ഉണ്ടായിരുന്നു. (സംഖ്യാ 23:21).

പുതിയ നിയമ വിശ്വാസികൾക്കും വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കണമെങ്കിൽ ഇതെല്ലാം അനിവാര്യമായിട്ടുള്ള കാര്യങ്ങൾ ആണ്. രക്ഷിക്കപ്പെട്ട ദൈവമക്കൾ വേർപാട് ആചരിക്കണം എന്ന് ദൈവം കല്പിക്കുന്നു.

**"നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു. നീതിക്കും അധർമത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിനു ഇരുളോടു എന്തോരു കൂട്ടായ്മ? ക്രിസ്തുവിനും ബെലിയാലിനും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കും അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവിനുള്ള**

**ദൈവത്തിന്റെ ആലയമല്ലോ. " ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു "അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പീൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും." എന്നു സർവശക്തനായ കർത്താവു അരുളിച്ചെയ്യുന്നു. (2 കൊരിന്ത്യർ 6:14-17)**

ഇങ്ങനെ വേർപാട് ആചരിച്ച് ക്രിസ്തീയ ജീവിതം നയിക്കുന്നവരുടെ എതിരെ ആഭിചാരമോ, ലക്ഷണവിദ്യയോ, ക്ഷുദ്രമോ, മന്ത്രവാദമോ ഫലിക്കയില്ല. യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം അവർക്ക് കോട്ടയായി ഇരിക്കുന്നു.

**വേർപാട് ആചരിച്ചാണോ നിങ്ങൾ ജീവിക്കുന്നത്?**

അങ്ങനെയാണെങ്കിൽ

സ്വർഗത്തിലെ ദൈവം ഇങ്ങനെ പറയുന്നു.

**"നീതിയാൽ നീ സ്ഥിരമായി നിൽക്കും; നീ പീഡനത്തോടു അകന്നിരിക്കും; നിനക്കു ഭയപ്പെടുവാനില്ലല്ലോ; ഭീഷണിയോടു നീ അകന്നിരിക്കും; അതു നിന്നോടു അടുത്തു വരികയില്ല." "നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേൽക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസന്മാരുടെ അവകാശവും എന്റെ പക്കൽ നിന്നുള്ള അവരുടെ നീതിയും ഇതുതന്നേ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു." (യെശയ്യാവ് 54:14,17)**

ധൈര്യപ്പെടുക കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. അവൻ നിങ്ങൾക്ക് പരിചയും പലകയും ആയിരിക്കും. വേട്ടക്കാരന്റെ കണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും അവൻ നിങ്ങളെ വിടുവിക്കും.

കർത്താവിന്റെ വേല വിശ്വസ്തതയോടു ചെയ്യുന്ന ഒരു ദാസനെ കൊല്ലുവാനായി ഒരു കൂട്ടം ജനം രാത്രി പുറപ്പെട്ടു. കൊച്ചുവീട്ടിൽ പാർത്തിരുന്ന കർത്താവിന്റ ഭക്തൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ദൂരെ നിന്ന് ഈ ജനക്കൂട്ടം അദ്ദേഹത്തിനെതിരെ ഉച്ചത്തിൽ ഭീഷണി വാക്കുകൾ ചൊല്ലിക്കൊണ്ടു വന്നു. പക്ഷേ അവർ വീടിന്റെ അടുത്ത് ചെന്നപ്പോൾ അതിശയകരമായ ഒരു കാഴ്ച കണ്ടു. വീടിനു ചുറ്റും ജ്വലിച്ചു കത്തുന്ന ഒരു തീയും, വെള്ള വസ്ത്രം ധരിച്ച ഒരുകൂട്ടം ജനം ഊരിപ്പിടിച്ച വാളുമായി വീടിൻ മുന്നിൽ നിൽക്കുന്നതായി അവർ കണ്ടു. കുറേ നേരം കഴിഞ്ഞിട്ടും ഈ

കാഴ്ച മാറിപ്പോകാത്തതുകൊണ്ട് വന്നവർ അവരവരുടെ വഴിയായി തിരികെ പോയി.

അതെ, സ്വർഗ്ഗത്തിലെ ദൈവം തീ മതിൽ കൊണ്ടും ദൂതന്മാരെ അയച്ചും തന്റെ ഭക്തനെ സംരക്ഷിച്ചു.

ഒരിക്കൽ ഏലീശാ പ്രവാചകനെ പിടിക്കുവാൻ അരാം സൈന്യം ദോഥാൻ പട്ടണത്തെ ചുറ്റി വളഞ്ഞപ്പോൾ ഏലിശായുടെ ഭൃത്യൻ ശത്രുക്കളെ കണ്ട് ഭയപ്പെട്ട് തന്റെ യജമാനനോടു പറഞ്ഞു. "യജമാനനെ, നമ്മൾ എന്തു ചെയ്യേണ്ടു." ഏലീശാ അവനോടു ഇപ്രകാരം പറഞ്ഞു....

**" പേടിക്കേണ്ടാ; നമ്മോടുകൂടെ ഉള്ളവർ അവരോടുകൂടെഉള്ളവരേക്കാൾ അധികം എന്നു പറഞ്ഞു. പിന്നെ ഏലീശാ പ്രാർത്ഥിച്ചു; യഹോവേ ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണു തുറക്കേണമേ എന്നു പറഞ്ഞു. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു" (2രാജാക്കന്മാർ 6:16,17)**

അത്ഭുതകരമായി സ്വർഗത്തിലെ ദൈവം തന്റെ മക്കളെ സംരക്ഷിക്കുന്നു. രക്തക്കോട്ടയിൽ, തീമതിലാൽ, ദൂതന്മാരുടെ വേലികൊണ്ട് അവൻ നമ്മെ സൂക്ഷിക്കുന്നു.

ശത്രു ഭീതി നിമിത്തം ഇന്നു നിങ്ങൾ ഭാരപ്പെടുകയാണെങ്കിൽ സ്വർഗത്തിലെ ദൈവം നിങ്ങളോട് ഇങ്ങനെ പറയുന്നു.

**"ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു; ഭ്രമിക്കുകയുമരുതു; നിന്റെ ദൈവമായ യഹോവ തന്നെ നിന്നോടു കൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' (ആവർത്തനം 31:6).**

നമ്മുടെ ഹൃദയത്തിലെയും മനസിലെയും സകല ഭയങ്ങളെ കർത്താവിനറിയാം. ഈ ഭയങ്ങൾ നിന്ന് നമ്മെ വിടുവിപ്പാൻ അവൻ ശക്തനും മതിയായവനും ആണ്.

അവൻ ഇങ്ങനെ പറയുന്നു, "നീ ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്."

നിങ്ങളുടെ ഭയത്തിൽ/ഭയങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാനായി ഈ പ്രാർത്ഥന പ്രാർത്ഥിക്കുക. കർത്താവായ യേശു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

## പ്രാർത്ഥന

എന്നെ അളവുകൂടാതെ സ്നേഹിക്കുന്ന സ്വർഗീയ പിതാവെ,

“നീ ഭയപ്പെടേണ്ട” എന്നു പറയുന്ന നിന്റെ വാഗ്ദത്ത വചനങ്ങൾക്കായിട്ട് ഞാൻ നിന്നെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു.

എന്റെ മനസിനെ അലട്ടുന്ന ഭയത്തിൽ നിന്ന് (നിങ്ങളുടെ ഭയത്തെ ദൈവത്തോടു പറയുക) എന്നെ വിടുവിക്കേണമേ.

“പുത്രൻ എനിക്കു സ്വാതന്ത്ര്യം വരുത്തിയാൽ ഞാൻ സാക്ഷാൽ സ്വതന്ത്രനാകും എന്നു നിന്റെ വചനം പറയുന്നുവല്ലോ”

അതുകൊണ്ട് ഈ ഭയത്തിൽ നിന്ന് യേശുവിന്റെ രക്തത്താലും വചനത്താലും എന്നെ സ്വതന്ത്രനാക്കേണമേ.

സ്നേഹത്തിന്റെയും ശക്തിയുടെയും സുബോധത്തിന്റെയും ആത്മാവാകുന്ന പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കേണമേ.

യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു കൃപയോടെ കേൾക്കേണമേ.

ആമേൻ

**ഈ പുസ്തകം സൗജന്യമാണ്**

# നീ ഭയപ്പെടേണ്ടാ,
# യേശു നിന്നോടു കൂടെയുണ്ട്



*Dr. Johnson Cherian M.D.Ph.D.*
*The Good Shepherd Ministries*
*Eraviperoor P.O. Pathanamthitta District*
*Kerala, India. Pin - 689542*
*www.jesuschrist.co.in*
*E-mail: johnson3570@gmail.com*